THE CHURCH WEEKLY

Vol. VIII. | SUNDAY 19TH DECEMBER 1954 | PRICE 2 ANNAS A COPY | NO. 50

WHY GOD CALLED THE SHEPHERDS

(A Christmas Meditation)

God delights in calling to Himself those who are single of heart and mind, those who recognise their own ignorance and nothingness, who are ready to give God the glory and confess Him as the All-Good and All-Knowing Father.

How foolish it is to try to follow our own light; then we fall into the ditch. God leads us aright through the darkest night by His light. His star leads us first to the Crib at Bethlehem in a stable, to the humblest, most humbling place. When God Himself came to earth there was no room for Him in this world of men. So He went to the oxen, and there Kings came to Him to adore. But the shepherds came first. The lowly and simple saw the light first and it was they who sang the first Christmas hymn as an earthly choir to answer the heavenly choir of the angels.

If God does not fill our hearts it is simply because we are already brimming over with self, and no one can be filled with God until he is first emptied of self. God fills those of the single heart. They sing the first Christmas office, they are invited to see God first—and they go because they are ready. When God calls us to see Him, we cannot see Him for a long time. The splendour of His light blinds us, so we must go through the dark night, feeling our way along, trusting in Him. Call it "blind faith" if you like: it is not really blind, *we* are blind. It is a figure of speech which the grammarians call a transferred epithet (where the word *blind* is transferred from the person to his faith). We must give up all selfhood and pride. It is a painful purification which is necessary if we are to be freed from the crookedness of this world with which our hearts and minds are entangled. It is humbling to be invited to the banquet of the Lord and to be led first of all into a stable where we feel the warm breath of the snorting ox. When we go, it is the worst time of the year for a journey—in the very dead of winter. Why in winter? Because it is the season of repose when all is still and undisturbed. Then the heart is quiet. God calls us, not in our easy way, but in His way at the right time, in the fulness of time. In the very dead of winter the time is full for those whose eyes are opened towards God.

The stain of worldliness must be removed from the soul which would see God. If we are embittered and poisoned by our knowledge, we must cry with the blind Bartimeus, "Rabboni, that I may see!". God called the shepherds because they were free from this stain, unspotted from the world. Moreover, they were watching. They watched, they saw, they went. Christ Himself gives us the warning "Watch, for you do not know the hour when your Lord will come." The shepherds' eyes were accustomed to the dark and to walking in the dark. They knew how to entrust themselves to God's leading through the dark night. At the end of the journey comes the dazzling light in the Crib, "the Light of the world," seven times brighter than day.

Christ preached the Gospel to poor, He healed the broken-hearted, He restored the sight of the blind, He filled the hungry with good things. But the rich went empty away because they had great possessions which they loved more than they loved God. The proud are scattered, but God exalts the lowly. The young ruler came rich but went away empty and sad. The shepherds came poor, with the music of the angelic choir still in their ears. They came with haste and faith through the dark, cold night. And they saw a great Light and gave the glory to God. Then they went back to their everyday life as shepherds who had seen the Lamb of God. They praised God for what they had seen, for the light that led them through the night, and for the great Light of God's revelation! God in Christ, reconciling the world to Himself, God making friends with the world in a new way.

The shepherds feared the glory of God till His heavenly music made their hearts quiet. It was the wholesome fear of humble, watching men on a dark night in the very dead of winter. But their fear was laid aside in the music and good news and light that followed: God's Light in a dark world, the Light that still shines in our hearts if we have that mind in us which was in Christ Jesus, if we put on Christ.

J. S.

നിഖ്യാവിശ്വാസപ്രമാണം 11

സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം

(റവ. ഡീക്കൻ എം. വി. ജോർജ്ജ് എം. എ. എസ്. ടി. എം.)

യേശുക്രിസ്തു സകല മനുഷ്യരിലും ശ്രേഷ്ഠനായ വ്യക്തിയാണെന്നു സമ്മതിക്കുവാൻ മടിയുള്ള ആരും തന്നെ ഉണ്ടെന്നു തോന്നുന്നില്ല. എന്നാൽ തന്റെ ദൈവത്വം സമ്മതിക്കുന്നതിനു അറിയൂസിനും കൂട്ടർക്കും പ്രയാസം തോന്നി. തന്നിമിത്തം പുത്രൻ ഇല്ലാതിരുന്ന കാലം ഉണ്ടായിരുന്നു എന്നദ്ദേഹം പഠിപ്പിച്ചു. സ്തുതി ചൊല്ലപ്പെട്ട വിശ്വാസമാകട്ടെ പുത്രൻ പിതാവിനെപ്പോലെ നിത്യനായി എന്നുള്ളതും താൻ ഇല്ലാതിരുന്ന കാലം ഇല്ലായിരുന്നുമെന്നുമാണ്.

അഹംബ്രഹ്മാസ്മി എന്ന ഹൈന്ദവ ചിന്തകന്മാർ പറയുന്നരീതിയിലല്ല, പിന്നെയോ മററു യാതൊരു മനുഷ്യനും ദൈവമല്ല ക്രിസ്തു മാത്രമെ പൂർണ്ണ മനുഷ്യനും പൂർണ്ണദൈവവുമായിരുന്നുള്ളു എന്നാണ് ക്രിസ്തീയ വിശ്വാസം.

ദൈവാംശം എല്ലാ മനുഷ്യരിലും സ്ഥിതി ചെയ്യുന്നതിനാൽ എല്ലാവരും ദൈവികരാണെന്നു പറയുന്നരീതിയല്ല, ഒരു പ്രത്യേകരീതിയിലാണ് ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചു വി: വേദം പഠിപ്പിക്കുന്നതും സഭ വിശ്വസിക്കുന്നതും. തന്മൂലം യേശുക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചു ആർക്കും തെററിദ്ധാരണ ഉണ്ടാകാത്തവിധത്തിൽ അതു എപ്രകാരമാണ എന്നു വിവരിക്കുന്ന വാചകമാണ് അധ്യായത്തിന്റെ ശീർഷകം. സത്യദൈവം ഏകനായിരിക്കുന്നതുപോലെ സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും ഏകൻ മാത്രമാണ്. പഴയനിയമത്തിന്റെ ഗ്രീക്കു തർജ്ജമയിൽ യഹോവ എന്ന വാക്കിനുപയോഗിച്ചിരിക്കുന്ന അതേപദം തന്നെ പുതിയനിയമത്തിൽ യേശുക്രിസ്തുവിനെ കുറിക്കുന്നതിനു ഉപയോഗിച്ചിട്ടുണ്ട്. അതിൽനിന്നും ആദിമ സഭയിൽ യേശുക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചുണ്ടായിരുന്ന വിശ്വാസം മനസ്സിലാക്കാമല്ലൊ.

പുതിയനിയമത്തിൽ യേശുക്രിസ്തു സത്യദൈവത്തിൽനിന്നുള്ള സത്യദൈവമാണെന്നു തെളിയിക്കുന്ന ചില വാക്യങ്ങൾ താഴെ ചേർക്കുന്നു.

(1) മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും (തീത്തോസ് 2: 13)

(2) അവൻ സത്യദൈവവും നിത്യജീവനുമാകുന്നു. [1 യോഹ. 5: 20)

(3) ജഡപ്രകാരം ക്രിസ്തുവും അവരിൽനിന്നല്ലോ ഉത്ഭവിച്ചതു്. അവൻ സർവത്തിനും മീതെ ദൈവമായി എന്നന്നേക്കും വാഴ്ത്തപ്പെട്ടവൻ (റോമർ 9: 5)

(4) ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടിയായിരുന്നു. വചനം ദൈവമായിരുന്നു. വചനം ജഡമായി നമ്മുടെ ഇടയിൽ പാർത്തു. (യോഹ. 1: I, 14)

(5) ധന്യനായ ഏകാധിപതിയും രാജാധി രാജാവും കർത്താധികർത്താവും താൻ മാത്രം അമർത്ത്യതയുള്ളവനും (1. തീമോത്തി 6: 1[illegible])

(6) എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ! (യോഹന്നാൻ 20: 28)

(7) ഞാനും പിതാവും ഒന്നാകുന്നു (യോഹ. 10:30, 38; 17:21, 23, 8;16)

(8) അവൻ എല്ലാവരുടെയും കർത്താവായ യേശുക്രിസ്തുമൂലം സമാധാനം സുവിശേഷിച്ചു. (പ്രവൃത്തി 10: 36)

അവനിലല്ലോ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നതു്. (കൊലോസ്യർ 2: 9)

ഇപ്രകാരമുള്ള പല വാക്യങ്ങളും ഉദ്ധരിക്കുവാനുണ്ടെങ്കിലും മേൽ ഉദ്ധരിച്ചിരിക്കുന്നവ നിഷ്പക്ഷബുദ്ധ്യാ വീക്ഷിക്കുന്ന യാവനൊരുവനും ക്രിസ്തുവിന്റെ ദൈവത്വം സമ്മതിച്ചേ തീരൂ എന്നു തോന്നുന്നതിനാൽ കൂടുതൽ ഉദ്ധരണികൾ എടുക്കുന്നില്ല. മേൽ പ്രസ്താവിച്ച വാക്യങ്ങളിൽ ഒന്നുപോലും ക്രിസ്തുവിനെക്കുറിച്ചല്ലാതെ മററാരെയും കുറിച്ചു പറവാൻ സാദ്ധ്യമല്ല. എന്തെന്നാൽ ദൈവത്തിനു സമനായി മററാരും ഭൂമുഖത്തു നടന്നിട്ടില്ല. നമ്മുടെ കർത്താവു തന്നെ അരുളിച്ചെയ്തതുപോലെ "പുത്രനെ ബഹുമാനിക്കാത്തവൻ അവനെ അയച്ച പിതാവിനെയും ബഹുമാനിക്കുന്നില്ല. (യോഹന്നാൻ 5: 23) യേശുക്രിസ്തു മോശയെക്കാളും, അബ്രഹാമിനെക്കാളും, മാലാഖമാരെക്കാളും, ന്യായപ്രമാണത്തെക്കാളും, വലിയവൻ എന്നും സ്വർഗ്ഗത്തെക്കാൾ ഉന്നതനെന്നും എബ്രായലേഖന കർത്താവു സമർത്ഥിക്കുന്നതു പോരാ എന്നവണ്ണമത്രെ തന്റെ ദൈവത്വം അസന്നിഗ്ദ്ധ ഭാഷയിൽ വി; വേദപുസ്തകം ഉച്ചൈസ്തരം ഉൽഘോഷിക്കുന്നതു്. (എബ്രായർ 3: 3 നോക്കുക)

അറിയൂസിനെപ്പോലെയുള്ള ആധുനിക യുക്തിവാദികൾക്കു വിശുദ്ധ വേദപുസ്തകത്തിലെ ഉദ്ധരണികൾകൊണ്ടു തൃപ്തിപ്പെടുവാൻ സാധ്യമല്ലെങ്കിൽ അവരോടു പറയുവാനുള്ളതു ക്രിസ്തീയ അനുഭവമാണ് ഈ വിശ്വാസപ്രമാണത്തിന്റെ പിൻപിൽ കിടക്കുന്ന യാഥാർത്ഥ്യം എന്നുള്ളതത്രെ. സഭയുടെ ഇരുപതു നൂററാണ്ടുകളിലെ അനുഭവത്തിനു വിലയുണ്ടെങ്കിൽ അതു ഏക നാവാലെ വിളിച്ചു പറയുന്നതു യേശുക്രിസ്തു സത്യദൈവമാണെന്നുള്ളതത്രെ. പിതാവിനോടു പ്രാർത്ഥിക്കുന്നതുപോലെ തന്നെ പുത്രനോടു പ്രാർത്ഥിച്ചിട്ടും സഭയ്ക്കു ഉത്തരം ലഭിക്കുന്നു. പിതാവിന്റെ തിരുമുഖത്തു പ്രശോഭിക്കുന്ന മഹത്വം പുത്രനിൽ കൂടെമാത്രം സഭ മനസ്സിലാക്കുന്നു. പിതാവിന്റെ സ്നേഹത്തിന്റെ ആഴം പുത്രൻ മാത്രം പ്രസ്പഷ്ടമാക്കിയിരിക്കുന്നു. "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" എന്നുള്ള കർത്താവിന്റെ തിരുവചനം സഭ സ്വന്ത അനുഭവത്തിൽ പരിശോധിച്ചുനോക്കിയതിൽ ശരിയെന്നു കണ്ടിരിക്കുന്നു.

യേശുക്രിസ്തുവിന്റെ പൂർണ്ണമനുഷ്യത്വത്തെ ചോദ്യം ചെയ്യുന്നവരുടെ വാദങ്ങൾക്കു മറുപടിയായ ഭാഗം നിഖ്യാവിശ്വാസപ്രമാണത്തിൽ പിന്നാലെ വരുന്നുണ്ട്. എന്നാൽ സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം എന്ന ഭാഗം തന്റെ ദൈവത്വത്തിനു യാതൊരു കുറവുമില്ലെന്നുള്ളതു് എന്നേക്കുമായി വിളിച്ചുപറഞ്ഞിരിക്കുന്നു. ഈ ദൈവം "മനുഷ്യനായി" എന്നുള്ളതത്രെ അൽഭുതങ്ങളിലെയും വലിയ അൽഭുതം; യാഥാർത്ഥ്യങ്ങളിലേക്കും വലിയ യാഥാർത്ഥ്യം, അനുഭവവേദ്യങ്ങളായ പരമാർത്ഥങ്ങളിൽ ഏററവും വലിയ പരമാർത്ഥം, മനുഷ്യരക്ഷയ്ക്കുള്ള ഏക മാർഗ്ഗം, ദൈവിക വെളിപാടിന്റെ സമ്പൂർണ്ണത. അതെ മനുഷ്യരാശിയുടെ ഏകപ്രത്യാശ.

ഒരുവനു് അവന്റെ ദൈവത്തെക്കാൾ കൂടുതൽ വളരുവാൻ കഴിയുകയില്ലല്ലൊ. നീ ആരെ ആരാധിക്കുന്നു എന്നു എന്നോടു പറഞ്ഞാൽ നീ എന്തായിത്തീരാൻ സാധ്യതയുണ്ടെന്നു ഞാൻ

എന്റെ ചിന്താവികസനം

ഫാദർ. വി. സി. സാമുവൽ എം. ഏ. ബി. ഡി.

അദ്ധ്യായം മൂന്ന്

കാതോലിക്കേറ്റിന്റെ വൈദികസ്ഥാന സാധുത്വം

മലങ്കരയിലെ കാതോലിക്കാസ്ഥാപനം അസാധുവാണെന്നു കാണിപ്പാൻ പാത്രിയർക്കീസു കക്ഷി ചൂണ്ടിക്കാണിച്ചു പോന്ന വാദങ്ങൾ പര്യാലോചിക്കുകയായിരുന്നു ഞാനാദ്യമായി ചെയ്തതു്. ആ വാദങ്ങൾ ചുരുക്കത്തിലിങ്ങനെ വിവരിക്കാം. ഒന്നു്, പാത്രിയർക്കീസു ബാവാ സഭയുടെ പരമാദ്ധ്യക്ഷനാണു്. സഭയിൽ വ്യാപരിക്കുന്ന സർവ്വ കൃപാവരങ്ങളുടെയും ഭണ്ഡാഗാരമദ്ദേഹമത്രേ. അതിനാൽ പാത്രിയർക്കീസു ബാവായുടെ അംഗീകാരമില്ലാത്ത കാതോലിക്കാസ്ഥാപനം സാധുവല്ല. രണ്ടു്, കാതോലിക്കേറ്റു സ്ഥാപിച്ച കർമ്മത്തിൽ അബ്ദൽ മിശിഹാ പാത്രിയർക്കീസു ബാവാ പങ്കുകൊണ്ടു എങ്കിലും, അദ്ദേഹവും ആ കർമ്മത്തിൽ ഭാഗം വഹിച്ച മറ്റു മേല്പട്ടക്കാരും മുടക്കപ്പെട്ടവരായിരുന്നു. മുടക്കപ്പെട്ട വൈദികൻ നിർവഹിക്കുന്ന കർമ്മങ്ങളിൽ ആത്മീയനൽവരം വ്യാപരിക്കുകയില്ല. അതിനാൽ കാതോലിക്കാസ്ഥാപനത്തിനു് ആത്മീയ നൽവരങ്ങളില്ല

ഈ രണ്ടു വാദങ്ങളും തന്നെ എന്റെ ചിന്തയ്ക്കു വിഷയമായി. പത്തു കൊല്ലങ്ങളിലധികം മുമ്പായി എനിക്കു് ആ വിഷയത്തെക്കുറിച്ചു തോന്നിയ അഭിപ്രായം പ്രസ്താവിച്ചു കൊള്ളട്ടെ. ആദ്യമായി ഒരു സംഗതി വ്യക്തമാക്കേണ്ടതുണ്ടു്. പട്ടംകൊട ശുശ്രൂഷയിൽ സ്ഥാനമേൽക്കുന്ന ആളിന്റെ മേൽ നൽവരം ചൊരിയപ്പെടുന്നതു് മേൽപട്ടക്കാരനിൽ നിന്നുമല്ല.. സർവ്വ ആത്മീയനൽവരങ്ങളും ദൈവത്തിന്റെ പരിശുദ്ധാത്മാവാണു് ദാനംചെയ്യുന്നതു്. മേൽപട്ടക്കാരൻ സഭയുടെ നേതൃത്വം വഹിച്ചുകൊണ്ടു്, സ്ഥാനമേൽക്കുന്നയാളിന്റെ മേൽ നൽവരം ചൊരിയപ്പെടുവാൻ വേണ്ടി പ്രാർത്ഥിക്കുന്നതേയുള്ളു. അദ്ദേഹത്തിന്റെയും സഭയുടെയും പ്രാർത്ഥനയ്ക്കുത്തരമായി പരിശുദ്ധാത്മാവു് സ്ഥാനം നൽകുന്നു. അങ്ങിനെ സ്ഥാനം ലബ്ധമായതായി അദ്ദേഹം ത്രിത്വനാമത്തിൽ പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഈ തത്വം മാത്രമെ പൗരസ്ത്യസഭകളംഗീകരിക്കുന്നുള്ളു എന്നു് നാം പ്രത്യേകം ഓർത്തിരിക്കണം. അതുപോലെതന്നെ സുറിയാനി സഭയുടെ തത്വമനുസരിച്ചു് പാത്രിയർക്കീസ് മറ്റു മേല്പട്ടക്കാരുടെ മേൽ ഒരധികാരിയല്ല. സഭയിലെ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെ അദ്ധ്യക്ഷൻ മാത്രമാണു്. ബാറെബ്രായയുടെ സൽഗാപ്പസുകങ്ങളിൽ ഈ ആശയം വ്യക്തമാക്കിയിട്ടുണ്ടു് അദ്ദേഹമിങ്ങനെ പറയുന്നു. "ഒരേ എപ്പിസ്കോപ്പാക്കു തനിയെ ഒരു പാത്രിയർക്കീസിനെ വാഴിക്കുവാനോ മുടക്കുവാനോ അധികാരമില്ല; അതുപോലെതന്നെ ഒരു പാത്രിയർക്കീസിനു തനിച്ചു് ഒരെപ്പിസ്കോപ്പായെ വാഴിക്കുവാനോ മുടക്കുവാനോ ഉള്ള അധികാരവുമില്ല." ചുരുക്കത്തിൽപ്പറഞ്ഞാൽ മേല്പട്ടസ്ഥാനം നൽകുവാനും, ഒരു മേല്പട്ടക്കാരനെ മുടക്കുവാനും സുന്നഹദോസിന്റെ തീരുമാനവും സഹകരണവുമൊഴിച്ചു കൂടാത്തതാണു്. അങ്ങിനെ കൂടുന്ന സുന്നഹദോസിന്റെ അദ്ധ്യക്ഷപദമാണു് പാത്രിയർക്കീസു വഹിക്കുന്നതു്. മലങ്കരയിൽ കാതോലിക്കേറ്റു് വേണമെന്നു് നാമാഗ്രഹിക്കുമ്പോൾ, അതിലടങ്ങുന്ന തത്വം മലങ്കരസഭയുടെ എപ്പിസ്ക്കോപ്പൽ സംഘത്തിനു് നമ്മുടെ നാട്ടിൽ തന്നെ ഒരദ്ധ്യക്ഷൻ വേണമെന്നാണു്.

മേൽ പ്രസ്താവിച്ചതിൽ നിന്നും, കാതോലിക്കാ സ്ഥാപനത്തിന്റെ സ്ഥാന സാധുത്വത്തിനാവശ്യമുള്ളതു് മൂന്നുകാര്യങ്ങളത്രെയെന്നു ഗ്രഹിക്കാം. ഒന്നു്, കാതോലിക്കേറ്റു നൽകുവാൻ ദൈവത്തോടു പ്രാർത്ഥിക്കുന്ന ഒരു സഭാവിഭാഗം; രണ്ടു്, ആ സഭാവിഭാഗത്തിന്റെ വൈദിക മേലദ്ധ്യക്ഷം വഹിക്കുന്ന ഒരെപ്പിസ്ക്കോപ്പൽ സുന്നഹദോസു്. മൂന്നു്, ആ സഭാവിഭാഗത്തിന്റെയും എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെയും ഓർത്തഡോക്സ് വിശ്വാസത്തിലുള്ള ഐക്യവും അതടിസ്ഥാനമാക്കി നിർവ്വഹിക്കുന്ന ശുശ്രൂഷയും. ഈ മൂന്നുകാര്യങ്ങളിലേതിലെങ്കിലും കാതോലിക്കേറ്റിനു കുറവുണ്ടായിരുന്നുവോ എന്നാണു നോക്കേണ്ടതു്. മലങ്കരസഭയിൽ ഭിന്നതയുണ്ടാകുന്നതിനു മുമ്പു്, പിന്നീടു് പാത്രിയർക്കീസു കക്ഷി നേതൃത്വം വഹിച്ചവർപോലും നമ്മുടെ സഭയെ ഒരു കാതോലിക്കേറ്റായി ഉയർത്തണമെന്നു പാത്രിയർക്കീസു ബാവായോടപേക്ഷിച്ചിട്ടുണ്ടു്. അതിനാൽ ഒന്നാമത്തെ സംഗതിയിൽ അഭിപ്രായവ്യത്യാസത്തിനു വഴിയില്ല. കാതോലിക്കേറ്റു സ്ഥാപിച്ചതിൽ ഓർത്തഡോക്സു വിശ്വാസത്തിൽനിന്നോ ആരാധനാപാരമ്പര്യത്തിൽ നിന്നോ കാതോലിക്കാസു കക്ഷി വ്യതിചലിച്ചിട്ടില്ലാത്തതിനാൽ മൂന്നാമത്തെ സംഗതിയിലും ന്യൂനത ചൂണ്ടിക്കാണിപ്പാനില്ല. രണ്ടാമത്തെ സംഗതിയിലാണു്, എന്തെങ്കിലും കുറവുണ്ടോ എന്നു പരിശോധിക്കേണ്ടതു്.

ഇവിടെ അബ്ദൽ മിശിഹാ ബാവായെയും കാതോലിക്കേറ്റു സ്ഥാപന കർമ്മത്തിൽ പങ്കുകൊണ്ട മറ്റു മേല്പട്ടക്കാരെയും മുടക്കിയിരുന്നു എന്ന വാദം സംഗതമായിവരുന്നതത്രെ. ഈ ചുറ്റുപാടിൽ ഒരു സംഗതി നാം പ്രത്യേകമോർക്കണം. അബ്ദൽ മിശിഹാബാവായെ സഭയുടെ ഔദ്യോഗിക സുന്നഹദോസു് മുടക്കിയിട്ടുണ്ടെന്നുകാണിപ്പാൻ സമുദായക്കേസിൽ പോലും വിശ്വസനീയമായ ഒരു രേഖയും പാത്രിയർക്കീസു കക്ഷി ചൂണ്ടിക്കാണിച്ചിട്ടില്ല. സമുദായക്കേസു് തുടങ്ങുന്നതിനു് പത്തോപതിനഞ്ചോ കൊല്ലങ്ങൾക്കു മുമ്പു മാത്രം നടന്നതായി വാദിക്കുന്ന ഒരു സംഭവത്തെക്കുറിച്ചു് വിശ്വസനീയമായ രേഖകൾ സമുദായക്കേസിലെങ്കിലും ഹാജരാക്കുവാനി

ന്നോട്ടു പറയാം" എന്നു ഓരോ മനുഷ്യനോടും പറയാവുന്നതാണു്. യേശുക്രിസ്തുവിനേക്കാൾ ശ്രേഷ്ഠനായ ഒരുവനെ ചൂണ്ടിക്കാണിപ്പാൻ മറ്റു യാതൊരു മതത്തിനും ഇല്ലാതിരിക്കുന്നിടത്തോളം അവനേക്കാൾ കുറഞ്ഞവനെ ആരാധിക്കുന്നതു സമ്പൂർണ്ണമായ വളർച്ചയ്ക്കു ബാധകമാകുമല്ലോ.

While the best is available it is unwise to go for the second best. സത്യദൈവത്തിൽനിന്നുള്ള സത്യദൈവമായ യേശുക്രിസ്തു ക്രൂശിക്കപ്പെട്ടവനായി നമ്മുടെ മുൻപിൽ സകല ഭൂസീമാവാസികളുമായുള്ളോരെ എങ്കലേക്കു നോക്കി രക്ഷപെടുവീൻ എന്നു ക്ഷണിച്ചുകൊണ്ടു സ്ഥിതിചെയ്യുമ്പോൾ അവങ്കലേയ്ക്കു അടുക്കാതിരുന്നാൽ അതിൽ വലിയ നഷ്ടം വേറെന്താണുള്ളതു്. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. അവന്റെ മടിയിലിരിക്കുന്ന ഏകജാതൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു. ആ ഏകജാതൻ സത്യദൈവത്തിൽ നിന്നുള്ള സത്യദൈവമാണു്. അവനിൽ നമുക്കു പൂർണ്ണമായി വിശ്വസിക്കാം.

ല്ലെങ്കിൽ, ആ വാദമെ പൊള്ളയാണ്.

ഇതുകൊണ്ടുമാത്രം മുടക്കിയെന്നുള്ള വാദത്തിനുത്തരമാകുന്നില്ല. മുടക്കിയെന്നുള്ളതു ശരിയാണെങ്കിൽ എന്താണ് ഭവിക്കുന്നതെന്നു പരിശോധിക്കേണ്ടതുണ്ട്. ഈ വിഷയത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ സഭയുടെ ലേകൈകസേവനമെന്നുള്ള സംഗതി പരിശോധിക്കേണ്ടതുണ്ട്. സഭയ്ക്കു ലോകത്തിൽ നിർവഹിപ്പാനുള്ളതു്, ദൈവത്തിന്റെ നിത്യേകപുത്രൻ ഒരിക്കലായി ലോകത്തിനു വെളിപ്പെടുത്തിത്തന്നതും, സഭയിൽ നിരന്തരം വ്യാപാരം ചെയ്യേണ്ടതുമായ ദൈവത്തിന്റെ പരമസത്യം മനുഷ്യജീവിതത്തിന്റെ സർവ്വ അനുഭവവേദികളിലും പ്രഘോഷിക്കുകയാണ്. ഈ ചുമതല നിർവഹിക്കുന്നതിനു് രണ്ടു സംഗതികൾ അനുപേക്ഷണീയമായിട്ടുണ്ട്. ഒന്ന്, വിട്ടുവീഴ്ച ചെയ്യുവാൻ സാദ്ധ്യമല്ലാത്തതായി സഭ പുലർത്തിപ്പോരേണ്ട അടിസ്ഥാന പ്രമാണങ്ങൾ. രണ്ട്, ചരിത്രപരമായ ചുററുപാടുകളിലും ക്രിസ്തീയ സുവിശേഷം സുശക്തമായി ഉൽഘോഷിക്കുന്നതിനു് സഭ കാണേണ്ട പുതിയ വെളിച്ചങ്ങളും, നിർദ്ദേശിക്കേണ്ട പുതിയ പുതിയ പ്രായോഗിക മാർഗ്ഗങ്ങളും, ക്രിസ്തീയവിശ്വാസമടിസ്ഥാനമാക്കിയുള്ള വേദശാസ്ത്രപരമായ തത്വങ്ങളും, സന്മാർഗ്ഗപരമായ പ്രമാണങ്ങളുമാണ് ഇവയിലൊന്നാമത്തേ ഭാഗത്തുൾപ്പെടുന്നതു്. അവയെ ആരെങ്കിലും ചോദ്യംചെയ്യുകയോ അവഗണിക്കുകയോ ചെയ്യുന്ന പക്ഷം, അയാൾ സഭയ്ക്കിതരനാണ്. ആ വാസ്തവം പ്രഖ്യാപിക്കുകയാണ് മുടക്കുമൂലം നടക്കുന്നതു്. ഈ വിധത്തിൽ മുടക്കിനു വിധേയനായ ഒരു പട്ടക്കാരന്റെയോ മേല്പട്ടക്കാരന്റെയൊ സ്വഭാവപരമായ ശുശ്രൂഷകളെ അയാൾ മുടക്കിൽ നിന്നും മാറാത്തിടത്തോളം, സഭക്കു് സ്വീകരിക്കുക സാധ്യമല്ല.

ഈ തത്വത്തിന്റെ വെളിച്ചത്തിൽ വേണം മലങ്കരയിലുണ്ടായതായി പാത്രിയർക്കീസ്ബാവാ അവകാശപ്പെടുന്ന മുടക്കിനെപ്പററി ചിന്തിക്കുവാൻ. കാതോലിക്കേററു സ്ഥാപിച്ച കർമ്മത്തിൽ പങ്കുകൊണ്ട യാതൊരുത്തരെയും ഈ തത്വമനുസരിച്ചു് മുടക്കിയിട്ടില്ല. അബ്ദൽമിശിഹാബാവായെ ഒരു സുന്നഹദോസു കൂടി മുടക്കിയെന്ന വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെയും അതിന്റെ കാരണം വിദേശത്തെ ചില മേല്പട്ടക്കാർക്കു് അദ്ദേഹത്തോടു തോന്നിയ നീരസം മാത്രമായിരുന്നു. മേല്പട്ടക്കാർക്കു തോന്നുന്ന പക വീട്ടുവാനുള്ള ആയുധമല്ല മുടക്കു്. അതിനാൽ അബ്ദൽമിശിഹാബാവായുടെ ന്യൂനതയായി ചൂണ്ടിക്കാണിക്കുന്ന വാദങ്ങൾക്കു യാതൊരു കഴമ്പുമില്ല. മലങ്കരയിലെ മേല്പട്ടക്കാരുടെ നേരെ പാത്രിയർക്കീസ്ബാവാ എടുത്ത നടപടിയുടെ കാരണം സഭമേൽ ബാവാ അവകാശപ്പെടുന്ന അനിയന്ത്രിതമായ അധികാരത്തെ ചോദ്യം ചെയ്തതായിരുന്നു. വേദശാസ്ത്രപരവും സന്മാർഗ്ഗശാസ്ത്രപരവുമായ സഭയുടെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്നണുവും വ്യതിചലിക്കാതെ, മലങ്കരസഭയുടെ പുരോഗമനത്തിനായി സഭയ്ക്കും ഭരണസ്വാതന്ത്ര്യം വേണമെന്നു പറയുകയും, അതു സംസ്ഥാപിക്കുവാൻ ശ്രമിക്കുകയും ചെയ്തു എന്നതാണവരുടെ ന്യൂനത. പാത്രിയർക്കീസ്ബാവായും അദ്ദേഹത്തോടു ചേർന്നവരും ആ സംരംഭത്തെ എതിർത്തു. എന്താണിതിന്റെ അർത്ഥം?

സഭയുടെ സേവന നിർവഹണത്തിനാവശ്യമായി അവർ കണ്ട ഒരു വെളിച്ചവും അതടിസ്ഥാനമാക്കിയുള്ള പ്രായോഗിക മാർഗ്ഗങ്ങളും ഫലപ്രദമാകാതെയിരിപ്പാൻ വേണ്ടി സഭയിലെ ഒരു കക്ഷി ശ്രമിച്ചു എന്നു മാത്രമല്ലേ? ചുരുക്കിപ്പറഞ്ഞാൽ കാതോലിക്കേററിനെ എതിർത്തവർ, സഭമൂലം സാധിക്കുവാൻ ദൈവമുദ്ദേശിക്കുന്ന മഹത്തരമായ സേവനനിർവഹണത്തെക്കാൾ കാര്യമായി ഗണിച്ചതു്, അന്ത്യോക്യാ പാത്രിയർക്കീസ്ബാവായെ സുറിയാനിസഭയുടെ ഏകാധിപതി യാക്കുകയെന്നതായിരുന്നു. ഈ നടപടിയിൽ സഭയുടെ ശ്രേഷ്ഠസേവനത്തെ മറക്കുക മാത്രമല്ല, പൗരസ്ത്യസഭാപാരമ്പര്യത്തിനു് ഒരുതരത്തിലും സ്വീകാര്യമല്ലാത്ത ഒരപ്രമാദിത്ത നേതാവിനെ സൃഷ്ടിക്കുവാൻ കൂടെയുമവർ മുതിരുകയാണ് ചെയ്തതെന്നു പറയേണ്ടിയിരിക്കുന്നു. യേശുക്രിസ്തു ക്രൂശിൽ മരിച്ചുയർത്തു സാധിച്ചുതന്ന രക്ഷയുടെ പവിത്രാനുഭവം മനുഷ്യജീവിതത്തിന്റെ നാനാവേദികളിലും യഥാർത്ഥമായി തീർന്നു്, അതു ലോകത്തിൽ പ്രഘോഷിക്കുകയാണു സഭയുടെ പ്രവർത്തനലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്കു് തെററിക്കൂടാത്ത ഒരു സഭാനേതാവു് ആവശ്യമുള്ളതല്ല. പ്രമാദം പററാത്ത ഏക സഭാതലവൻ ആവശ്യമാണെന്നു ശഠിച്ചുപോരുന്ന ഒരു സഭാവിഭാഗം ലോകത്തിലുണ്ട്. ആ സഭയുടെ അഭിപ്രായമനുസരിച്ചു് മാർപാപ്പാ ചെയ്യുന്നതെല്ലാം വൈകല്യാതീതമല്ല. എന്നാൽ പോലും ആ അഭിപ്രായത്തെ ലോകത്തിലുള്ള മററു് സഭാവിഭാഗങ്ങളുമൊന്നടങ്കം ശക്തിപൂർവ്വമെതൃക്കുന്നുണ്ട്. അങ്ങിനെയിരിക്കവെ സുറിയാനിസഭ അന്ത്യോക്യാ പാത്രിയർക്കീസുബാവായ്ക്കു്, മാർപാപ്പായ്ക്കുണ്ടെന്നു റോമൻകത്തോലിക്കാസഭ പോലുമവകാശപ്പെടാത്ത, അധികാരം വകവച്ചുകൊടുത്തു്, കാതോലിക്കേററു പിശകാണെന്നു വാദിക്കുന്നു എന്നുള്ളതാണ് പരമാർത്ഥം.

അതിനാൽ മലങ്കരയിലെ മേല്പട്ടക്കാരുടെ മേൽ പാത്രിയർക്കീസുബാവായെടുത്ത നടപടി മുടക്കേയല്ല. അതു രണ്ടു സംഗതികളാണു വിളിച്ചറിയിക്കുന്നതു്. ഒന്നു്, മലങ്കരസഭയുടെ ഉൾഭരണസ്വാതന്ത്ര്യമവകാശപ്പെടുന്ന ഒരു പങ്കാളുകളും അവരുടെ വൈദികനേതൃത്വം വഹിക്കുന്ന മേല്പട്ടക്കാരും മലങ്കരയിലുണ്ട്. രണ്ടു്, സഭയുടെ പുരോഗമനത്തിനായി അവർ കാണുന്ന സ്വാതന്ത്ര്യലക്ഷ്യം മനസ്സിലാക്കുവാൻ പോലും പാത്രിയർക്കീസുബാവായ്ക്കു കഴിയുന്നില്ല. എന്തെല്ലാം കർക്കശമായ പദപ്രയോഗങ്ങൾ പാത്രിയർക്കീസുബാവായുടെ എഴുത്തുകുത്തുകളിൽ കണ്ടിരുന്നാലും, അവയ്ക്കൊന്നിനും യാതൊരു വിലയുമില്ല.

ഈ ആശയങ്ങൾ മൂലം കാതോലി

Punnathra Tile Works Kottayam.
ETTUMANOOR A. O.

പുന്നത്ര ഓട്ടു കമ്പനി

മേൽത്തരം മേച്ചിലോടുകൾ മൂലയോടുകൾ, തറയോടുകൾ, കണ്ണാടിയോടുകൾ, പുകയോടുകൾ, ചുടുകട്ടകൾ, ഇഷ്ടികകൾ പൂച്ചട്ടികൾ

OUR SURKI POWDER A SPECILITY.

For further partrioulars please write to:

P. A. POONNEN, Palampadam, Kottayam. or The Manager, Punnathra Tile Works Ettumanoor A. O.

പത്രാധിപർക്കുള്ള കത്ത്

സർ,

എനിക്കീയിടെ തെക്കു ഒരിടവകയിൽ നിന്ന് ഒരു സുഹൃത്ത് അയച്ച കത്തിലെ ഏതാനും ഭാഗങ്ങൾ കുറിച്ചയയ്ക്കുന്നു. അതു പ്രസിദ്ധീകരിക്കുന്നതു പ്രയോജനമായിരിക്കുമെന്നു വിചാരിക്കുന്നു.

"........നമ്മുടെ സഭയിൽ സമാധാനം ഉണ്ടാകുമെന്നു തന്നെയായിരുന്നു എന്റെ വിശ്വാസം. ഒരേ വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും യാതൊരു വ്യത്യാസവും കൂടാതെ പാലിച്ചുവരുന്ന ഒരു സഭയിലെ ജനങ്ങൾ ഭരണപരമായ അഭിപ്രായവ്യത്യാസങ്ങൾ മൂലം രണ്ടായി പിരിയുക, അതിന്നു തീരാത്ത കേസ്സും വ്യക്കാറും, നമ്മുടെ തിരുമേനിമാരും, അച്ചന്മാരും, കോടതിയിൽനിന്നിറങ്ങാതെ കഴിയുക, നല്ല നല്ല കാര്യങ്ങൾക്കായി ഭരമേല്പിച്ചിരിക്കുന്ന കഴിവുകളും ശക്തികളും അങ്ങിനെലോഭമില്ലാതെ ദുരുപയോഗപ്പെടുത്തുക, എന്നിട്ടു അതേപ്പററി വിഷാദമില്ലാതെ, അതിൽ അഭിമാനംകൊള്ളുക, ഇതെല്ലാം ഓർക്കാൻപോലും പ്രയാസമായിരിക്കുന്നു. എനിക്കു ഓർമ്മവച്ച കാലത്താണു അബ്ദള്ള പാത്രിയർക്കീസു ബാവായെ ഞങ്ങളുടെ പള്ളിയിലേക്കു ആഘോഷമായി എതിരേററുകൊണ്ടുവന്നതു. അന്ന് എന്നെ എടുത്തുയർത്തിപ്പിടിച്ച് ബാവായെ കാണിക്കുകയുണ്ടായി. പിന്നെ കുറെകഴിഞ്ഞ് എന്റെ അപ്പൻ കോട്ടയത്തിനു പോയപ്പോൾ എന്നെയും കൊണ്ടുപോയി. പഴയസെമിനാരിയിൽ പോയിരുന്നു. അക്കാലത്തു സഭയിൽ കേസ്സായി കഴിഞ്ഞു. സെമിനാരി പൂട്ടി കിടന്നു. അപ്പൻ അവിടെനിന്നു കരഞ്ഞു കണ്ണുനീർഒഴുക്കി. എന്തിനാ കരയുന്നതെന്നു ഞാൻ ചോദിച്ചു. കുറേ കഴിഞ്ഞ് ഒരു വൃക്ഷച്ചുവട്ടിൽ ഇരുന്നദ്ദേഹം പറഞ്ഞു. രണ്ടു വീരാത്മക്കളായ തിരുമേനിമാർ ഇവിടെനിത്യവിശ്രമം കൊള്ളുകയാണ്. പുലിക്കോട്ടിലെതിരുമേനിമാർ. അവരുടെ കബറിടത്തിന്ന് ഒരു തിരി കൊളുത്താൻപോലും ആളില്ല, സൗകര്യമില്ല. ഇതോർത്തു സങ്കടപ്പെട്ടതാ മോനെ.' കാലങ്ങൾ പിന്നെയും പോയി. ഇന്നും ആ നിലയിൽനിന്നു നാം കര കയറിയിട്ടില്ലല്ലൊ സഹോദരാ. നമ്മുടെ സഭയ്ക്കു ഏന്തോ ശാപം പററിയിട്ടുണ്ട്. അതിനി നാംപെട്ടുക്കുമോ. അനേകർ അതിനെ ഉള്ളഴിഞ്ഞു സ്നേഹിക്കുന്നുണ്ടു. എന്താ പ്രയോജനം. വഞ്ചിയിൽ കിടന്നു ഓട്ടുന്നതുപോലെ മാത്രം. സഹോദരാ, ഞാൻ ഈ എന്റെ സഭയെ ഹൃദയപൂർവം സ്നേഹിക്കുന്നു. എന്നാൽ സഹോദരന്മാർ തമ്മിലടിക്കുന്ന ഈ വ്യവഹാരാന്തരീക്ഷത്തിൽ എനിക്കുശ്വാസം മുട്ടുകയാണ്. അന്ത്യോഖ്യായുടെ പാത്രിയർക്കാ സിംഹാസനവും തെഗ്രീസിന്റെ കാതോലിക്കാസിംഹാസനവും അവയിൽ വാണരുളുന്ന തിരുമേനിമാരും കിഴക്കും പടിഞ്ഞാറും പോലെഅകലുകയാണല്ലൊ. എന്താശ്ചര്യം. അങ്ങിനെയെങ്കിൽ ആ സിംഹാസനങ്ങളോട്ടുകൂടിആ തിരുമേനിമാർ കോടതികൾ കയറട്ടെ. പരസ്പരംശപിക്കട്ടെ. ഈ സഭ വിട്ടാലെന്താണെന്നും തോന്നാതിരിക്കുന്നില്ല.

ഞാൻ കണ്ണുനീരോടെ പ്രാർത്ഥിക്കുന്നു നമ്മുടെ സഭയിൽ യോജിപ്പുണ്ടാകുവാൻ. ഉണ്ടാകാതെ കേസ്സുകൾ തുടർന്നാൽ ഞാൻ ഈ എന്റെ മാതൃസഭയെ വിടും. എന്നോടു ക്ഷമിക്കണം. നിങ്ങൾ എന്നെ ശപിക്കേണ്ട. എനിക്കു ഹൃദയവേദനയുണ്ടു്. എല്ലാവരെയും പിരിഞ്ഞു മറെറാരു സഭയിലെ അംഗമാകുവാൻ........"

മേൽ ഉദ്ധരിച്ച കത്തിലെ ഏതാനും ഭാഗങ്ങൾ സമാധാനാലോചനക്കാരെ ചിന്തിപ്പിക്കേണ്ടതാണ്. അവൻ ഒരുത്തൻ പോയാലെന്തു പോട്ടെ—എന്ന മനസ്ഥിതിയായിരിക്കും നമ്മിൽ പലർക്കും—എന്നാലും ഇത്തരം ചിന്തകൾക്കു സഭയെ ഹൃദയപൂർവം സ്നേഹിക്കുന്ന പലരെയും നമ്മുടെ സഭയുടെ ഇന്നത്തെ സ്ഥിതി പ്രേരിപ്പിക്കുന്നു എന്നതു നമുക്കു അവജ്ഞയോടെ നിഷേധിക്കാനാവില്ല.

ദൈവം വിധിക്കട്ടെ. സഭാംഗങ്ങളിൽ അനേകർക്കും നിരാശയാണ്. ദർശനമില്ലാത്ത ഒരു ജാതിയായി നാം അധഃപതിച്ചു പോയി. ദൈവതുക്കരങ്ങൾ നമ്മെ സമുദ്ധരിക്കാതിരിക്കുമോ.

മററത്തൂർ P. O. പി. പി. വക്കി
14-12-54.

ക്കേററിനു യാതൊരു സ്ഥാനന്യൂനതയുമുള്ളതായി പറയുക സാധ്യമല്ലായെന്നെനിക്കു ബോദ്ധ്യമായി. എന്നുതന്നെയുമല്ല, സഭയുടെ സേവനനിഗ്ഗ്രഹണം ലക്ഷ്യമായിക്കരുതുന്നവർ കാതോലിക്കേററിനെ അംഗീകരിക്കേണ്ടതാണെന്നു പോലുമെനിക്കു തോന്നി.

ചർച്ച് വീക്ക്‌ലി വരിസംഖ്യ

(എപ്പോഴും മുൻകൂർ)

	രൂ.	ണ.	പ.
ഒരു വർഷത്തേക്ക്	6	0	0
ആറു മാസത്തേക്ക്	3	0	0
ഒററപ്രതി	0	2	0
ഇൻഡ്യയ്ക്കു വെളിയിൽ	8	0	0

ജയഭാരതം ആര്യവൈദ്യശാല (Regd.)

H. O. പുനലൂർ.

ഏജൻസികൾ—അഞ്ചൽ, അടൂർ, ആയൂർ, കൊട്ടാരക്കര, കുന്നിക്കോട്, കല്ലിശ്ശേരി, ഏഴംകോൺ, സദാനന്ദപുരം, ചിരട്ടക്കോണം, ചാത്തന്നൂർ, പാണ്ടനാട്, ചെങ്ങമനാട്, ഉമ്മന്നൂർ.

ഏററവും നല്ല ആയുർവേദഔഷധങ്ങൾ മിതമായ വിലയ്ക്കു ഹെഡാഫീസിലും ഏജൻസികളിലും വില്പനയ്ക്കുണ്ടായിരിക്കുന്നതാണ്. ആകർഷകമായ വ്യവസ്ഥകളിൽ എല്ലാ സ്ഥലത്തും ഏജൻസികൾ കൊടുക്കുന്നുണ്ട് കൂടുതൽ വിവരങ്ങൾക്കു എഴുതുക.

പ്രധാനവൈദ്യൻ

പി. ഒ. തോമ്മസ് വൈദ്യൻ, വൈദ്യകലാനിധി

പുനലൂർ

അറിയിപ്പ്

ക്രിസ്തുമസ്സ് പ്രമാണിച്ച് അടുത്ത ലക്കം ചർച്ചുവീക്ക്‌ലി പ്രസിദ്ധപ്പെടുത്തുന്നതല്ല.

മാനേജർ

വാരപഞ്ചാംഗം

	ഡിസംബർ	ധനു
ഞായർ	19	4
തിങ്കൾ	20	5
ചൊവ്വാ	21	6
ബുധൻ	22	7
വ്യാഴം	23	8
വെള്ളി	24	9
ശനി	25	10

Thought for the Week

The overwhelming splendour of the Gospel of Christmas consists in precisely this—that the Lord of glory of His own will entered into our life of grief and suffering, and for the love of men bore all and more than all that men may be called to bear.

THE CHURCH WEEKLY

ക്രിസ്തുമസ്സിൻെറ തീരുമാന പ്രഖ്യാപനം.

ചർച്ച് വീക്ക്‌ലി വായനക്കാർക്ക് ക്രിസ്തുമസ്സ് മംഗളങ്ങൾ ആശംസിക്കുന്നു. Glory to God in the highest, and on earth peace, good will toward men. "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽസമാധാനവും, മനുഷ്യരോടു സൗഹാർദ്ദവും". എന്നാണ് ദൈവപുത്രൻെറ ജനനസമയത്ത് ദൈവദൂതന്മാർ പാടിയതു്. ബൈബിൾസൊസൈററി അച്ചടിപ്പിച്ചിരിക്കുന്ന വേദപുസ്തകത്തിൽ ആ ഭാഗം ഇങ്ങനെയാണ് വിവർത്തനം ചെയ്തിരിക്കുന്നതു്. "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം" ഇംഗ്ലീഷുഭാഷയിൽ വി. ലൂക്കോസിൻെറ സുവിശേഷം 2-ാം അദ്ധ്യായം 14—ാംവാക്യത്തിൽ കാണുന്ന വാചകമാണ് മേലുദ്ധരിച്ചിരിക്കുന്നതു്. ഗ്രീക്കുഭാഷയിലെ മൂലവുമായി ഒത്തുനോക്കിയാണ് ഈ മലയാളവിവർത്തനം നടന്നതെങ്കിൽ മലയാളം ബൈബിളിലെ വാചകം ശരിയായിരിക്കാം. ഞങ്ങൾ പരിശോധിച്ചില്ല. എന്നാൽ ഇംഗ്ലീഷുഭാഷയിലെ വാചകവും മലയാളം തർജ്ജമയും തമ്മിൽ തീരെ പൊരുത്തമില്ല. മലയാളവിവർത്തനം തെററാണ്. ഈ ഭാഷാന്തരം ഒരു വിധത്തിൽ ദൈവത്തെപ്പററി തെററിദ്ധരിപ്പിക്കുന്നതും അക്രൈസ്തവമായ ഒരു ആശയം നൽകുന്നതുമാണെന്നുള്ളതിനു സംശയമില്ല. "ദൈവപ്രസാദമുള്ള മനുഷ്യരും ദൈവപ്രസാദമില്ലാത്ത മനുഷ്യരു"മായി വേർതിരിച്ചിട്ടു ദൈവപ്രസാദമുള്ളവർക്ക് മാത്രം സമാധാനം ഉണ്ടെന്നാണ് ദൈവദൂതന്മാർ പ്രഖ്യാപനം ചെയ്യുകാണെന്നതു്. അതൊരു പുതിയ സുവിശേഷമൊന്നുമല്ല. യേശുക്രിസ്തുവിനു മുമ്പും ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനമുണ്ടെന്ന് ഇസ്രായേലിൽ തന്നെയല്ല, മററു പുരാതന മത വിശ്വാസികളിലും കാണാം. ദൈവത്തിനു പ്രസാദം തോന്നാത്ത വിധത്തിൽ ജീവിക്കുന്നവർക്കു സമാധാനം നൽകാൻ അവതരിച്ചിരിക്കുന്ന ദൈവപുത്രൻെറ ജനനസമയത്ത് അതിനെതിരായുള്ള അർത്ഥം വരുന്ന ഒരു ഗാനം ദൈവദൂതന്മാർ പാടുമെന്ന് ധരിക്കാൻ പ്രയാസം തോന്നുന്നു. ദുഷ്ടൻെറ മേലും നന്മചെയ്യുന്നവൻെറ മേലും സൂര്യപ്രകാശമുള്ളതുപോലെ സാർവത്രികമാണ് ദൈവികസ്നേഹം. ദുഷ്ടൻെറ പാമ്പിൽ മഴപെയ്യുകയില്ല; നന്മചെയ്യുന്നവൻെറ കൃഷിക്കു ആവശ്യമായ മഴ ദൈവം വേർതിരിച്ചു വർഷിച്ചുകൊടുക്കും എന്നുള്ള ധാരണകൾ ക്രൈസ്തവേതരമാണ്. എല്ലാ മനുഷ്യരോടും "Good will" പ്രഖ്യാപനം ചെയ്യുന്ന മാലാഖമാരുടെ ഗാനം ഇങ്ങനെ തെററിദ്ധരിക്കുന്ന വിധത്തിൽ ഭാഷാന്തരം ചെയ്തിരിക്കുന്നതു് തിരുത്തേണ്ടതാണെന്നു ഞങ്ങൾക്കു തോന്നുന്നു. "Good will" എന്നതിന് "സൗഹൃദബുദ്ധി"യെന്നാണു ഞങ്ങൾ വിവർത്തനം ചെയ്തിരിക്കുന്നതു്. ആ പദം "Good will" എന്നുള്ള ഇംഗ്ലീഷ് പദപ്രയോഗത്തിൻെറ പിന്നിലുള്ള ആശയം മുഴുവൻ വെളിവാക്കുന്നില്ല. "will" എന്നതു് ബുദ്ധിയല്ല. തീരുമാനം ചെയ്യുന്ന മാനസ്സിക ശക്തിയെയാണ് ആ വാക്ക് അർത്ഥമാക്കുന്നതു്. മററുള്ളവർക്കു നന്മവരണമെന്ന് ആഗ്രഹിക്കുകമാത്രമല്ല, "will" തീരുമാനിക്കുന്നതിനു കൂടെയാണ് good will എന്നു പറയുന്നതു്. എല്ലാമനുഷ്യർക്കും നന്മവരണമെന്നുള്ള തീരുമാനം ആ വഴിക്കു സഹായിക്കുന്ന പ്രവൃത്തികൾക്കും പ്രചോദനം നൽകേണ്ട ഒരു സംഗതി കൂടെയാണ്. കേവലം ആശംസകൊണ്ടു മാത്രം കഴിയുന്നതല്ല ആ "goodwill". ക്രിസ്തുമസ്സ് ദിനത്തിൽ ആ ഗാനം സാരഗർഭമായ ഒരു വാഗ്ദാനത്തെ ഉൾക്കൊള്ളുന്നു. പാപികളെ രക്ഷിക്കുവാനും അവർക്കു സമധാനം നൽകുവാനും കുരിശുമരണം വരെ പോകാൻ ദൈവം തയാറായിക്കൊണ്ടുള്ള തീരുമാന ശക്തിയെ പ്രഖ്യാപനം ചെയ്യുകയാണതു്. ദൈവപ്രസാദമുള്ള മനുഷ്യർക്കു മാത്രം നൽകുന്ന ഒരു സമാധാനമല്ലതു്. എല്ലാമനുഷ്യർക്കും സമാധാനവും നന്മയും വരണമെന്നുള്ള ദൈവത്തിൻെറ തീരുമാനം ക്രിസ്തുമസ്സ് പ്രഖ്യാപനം ചെയ്തിരിക്കുകയാണ്. നാല്പത്തഞ്ചു കൊല്ലം വഴക്കടിച്ചു കഴിഞ്ഞ സുറിയാനിസഭയ്ക്കുമുള്ള ഒരു വാഗ്ദാനമാണതു്. ഈയാണ്ടത്തെ ക്രിസ്തുമസ്സ് ദിനത്തിൽ മലങ്കര സഭയിലെ സുറിയാനിപ്പള്ളികളിൽ സഭാസമാധാനത്തെ വിളംബരം ചെയ്യുന്ന കൂട്ടമണികൾ കേൾക്കുവാൻ സമുദായാംഗങ്ങൾ കൊതിച്ചു കാത്തിരുന്നു. ഈയാണ്ടിൽ അതിനുള്ള "goodwill" കേവലം ഉപരിപ്ലവമായ ഒരു ആഗ്രഹമായി സ്ഥിതിചെയ്തിരുന്നതുകൊണ്ടു മാത്രമായിരിക്കണം ആ മംഗളസംഭവം വന്നുചേരാഞ്ഞതു. അതിനുള്ള "will" ഇച്ഛാശക്തിയാണ് സമുദായാംഗങ്ങളെ ഭരിക്കേണ്ടതു്. ദൈവത്തിൻെറ തീരുമാനത്തെ മറുത്തുള്ള തീരുമാനങ്ങൾ കൊണ്ടല്ല സമാധാനം കൈവരുത്തുന്നതു്, അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം നൽകുന്ന തീരുമാനങ്ങളും പ്രവർത്തനങ്ങളും ഭൂമിയിൽ സമാധാനം നൽകുന്ന തീരുമാനങ്ങളും പ്രവർത്തനങ്ങളും, എല്ലാ മനുഷ്യർക്കും നന്മവരുവാനുള്ള തീരുമാനങ്ങളും പ്രവർത്തനങ്ങളും ദൈവപുത്രൻെറ ക്രൂശിൽ മരണത്തിലും ഉയിർത്തെഴുന്നേല്പിലും പര്യവസാനിച്ചു. വൈരാഗ്യം നമ്മുടെ കണ്ണുകളും ചെവികളും ഇപ്പോഴും മൂടിക്കൊണ്ടിരിക്കുന്നതു് ക്രിസ്തുമസ്സിൻെറ കുളിർമ്മ മാററി ദൂരത്തെറിയുമെങ്കിൽ നാല്പത്തഞ്ചുകൊല്ലം കാത്തിരുന്ന ദൈവത്തിനു് അടുത്ത കൊല്ലമെങ്കിലും നമ്മെപ്പററി സംതൃപ്തിതോന്നുവാനും, മററുള്ളവർക്കും സമാധാനം നൽകുവാനുള്ള കർത്തവ്യം നമ്മെ ഭരമേല്പിക്കുവാനും സാധിക്കും. അതിനു നാം തീരുമാനമെടുക്കണമെന്നാണ് ഈയാണ്ടത്തെ ക്രിസ്തുമസ്സ് മംഗളാശംസകളുടെ കൂടെ ഞങ്ങൾ അഭ്യർത്ഥിക്കുന്നതു്.

യുവജനവാരം.

ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിൽ ഡിസം

പ്രതിവാരപ്രഭാഷണം (The Sermon for the Week)

ക്രിസ്തീയ പാരമ്പര്യം

(എം. ററി.)

"ആകയാൽ സഹോദരന്മാരേ, നി
ങ്ങൾ ഉറച്ചുനിന്ന് ഞങ്ങൾ വാക്കിനാ
ലോ ലേഖനത്താലോ ഉപദേശിച്ച ത
ന്ന പ്രമാണങ്ങളെ (പാരമ്പര്യത്തെ) മു
റുകെ പിടിച്ചുകൊൾവിൻ" (2 തെ
സ്സലോനിക്യർ 2: 15)

കാലപ്പഴക്കമുള്ള ഏതു ജനസമൂഹ
ത്തിനും ചില പാരമ്പര്യങ്ങൾ ഉണ്ടാ
യിരിക്കും കുടുംബം, സമുദായം, രാഷ്ട്രം
എന്നിവയുടെയെല്ലാം കാര്യത്തിൽ ഇതു
ശരിയാണ്. അതുപോലെതന്നെ ക്രി
സ്തീയസഭയ്ക്കും ചില പാരമ്പര്യങ്ങൾ
ഉണ്ട്. ഒരു സമൂഹം എത്രമാത്രം പുരാ
തനമാണോ അത്രമാത്രം അടിയുറച്ച
പാരമ്പര്യങ്ങൾ അതിനുണ്ടായിരിക്കും.
അത്രമാത്രം പാവനമായി അതിന്റെ
അംഗങ്ങൾ അതിന്റെ പാരമ്പര്യങ്ങ
ളെ പാലിക്കുവാൻ ശ്രമിക്കുകയും ചെ
യ്യും. സുസ്ഥാപിതമായ ഏതു സമൂഹ
ത്തിന്റെയും നിലനില്പിനും ഓരോ
തലമുറയിലുമുള്ള അംഗങ്ങളെ മുൻത
ലമുറകളിലെ അംഗങ്ങളുമായി ഘടി
പ്പിക്കുന്നതിനും പാരമ്പര്യം ആവശ്യമാ
യ ഒരു ഘടകമാണ്. ചിരപ്രതിഷ്ഠല
ഭിച്ച ആചാരാനുഷ്ഠാനങ്ങൾ വ്യക്തിയു
ടെ വളർച്ചക്കും പൊതുജീവിതത്തിനും
ആവശ്യമായ രൂപങ്ങളെ പ്രദാനം ചെ
യ്യുന്നു. ഓരോ തലമുറയും അതിനാവ
ശ്യമായ തഴക്കങ്ങളെ പുതുതായി സൃ
ഷ്ടിക്ക എന്നതു സമയവും ശക്തിയും ദുർ
വിനിയോഗം ചെയ്യുകയാണ്. ഓരോ ത
ലമുറയ്ക്കും പ്രത്യേകമായ ചില തഴക്ക
ങ്ങളെയും രൂപങ്ങളെയും സൃഷ്ടിക്കേ
ണ്ടിവരും. എന്നാൽ പഴയ പാരമ്പര്യ
ങ്ങളിൽ പലതും ഒഴിച്ചുകൂടാത്തതായി
രിക്കും.

പാരമ്പര്യങ്ങളെ പാടേ ത്യജിച്ചുകള
യുന്നത് ഒരിക്കലും യുക്തിപൂർവമായ
ഒരു പ്രവൃത്തി ആയിരിക്കയില്ല. എന്നാ
ൽ അങ്ങനെ ചെയ്യുന്ന ചിലരുണ്ട്.
സ്വാതന്ത്ര്യത്തിന്റെയും പുരോഗമന
പരമായ ചിന്താഗതിയുടെയും പേരിലാ
യിരിക്കാം അവർ അങ്ങനെ ചെയ്യുന്ന
ത്. എന്നാൽ യഥാർത്ഥത്തിൽ യുക്തിര
ഹിതമായ അഹംങ്കാരവും ദുസ്സ്വാതന്ത്ര്യവു
മായിരിക്കും പലപ്പോഴും അവരുടെ പ്ര
വൃത്തിയെ നയിക്കുന്നത്. അമിതമായ
സ്വയാഭിമാനവും സഹോദരവർഗ്ഗത്തെ
ക്കുറിച്ചുള്ള അവജ്ഞയുമായിരിക്കാം അ
വരെ ഭരിക്കുന്നത്. എങ്കിലും പാരമ്പ
ര്യത്തിനു ചില പരിമിതികളും ദൂഷ്യ
വശങ്ങളും ഉണ്ടെന്ന് അതിനെ എ
തിർക്കുന്നവർ നമ്മെ അനുസ്മരിപ്പി
ക്കുന്നു. പാരമ്പര്യം ചിലപ്പോൾ അടി
മത്വത്തിന്റെ ഒരു ഇരുട്ടറയായി പ
രിണമിച്ചെന്നു വരാം. ചിന്താസ്വാത
ന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവും അസാ
ദ്ധ്യമാക്കി ആളത്വത്തിന്റെ വ
ളർച്ചക്കു വിഘാതമായി
അതു തീരാനിടയുണ്ട്. തങ്ങൾതന്നേ
പ്രവേശിക്കയോ അന്യരെ പ്രവേശി
ക്കാൻ അനുവദിക്കയോചെയ്യാതെ സ്വ
ർഗ്ഗരാജ്യത്തിന്റെ വാതിലുകളെ അട
ച്ചു ഭദ്രമാക്കി കാവൽ നിന്നിരുന്ന ന്യാ
യശാസ്ത്രിമാരും പരീശന്മാരും ഇങ്ങ
നെയുള്ള പാരമ്പര്യ സംരക്ഷകരായിരു
ന്നു. ദൈവത്തിന്റെ കല്പനയുടെ
സ്ഥാനത്ത് അവർ പാരമ്പര്യത്തെ പ്ര
തിഷ്ഠിച്ചാരാധിച്ചു. അവരെ നിശി
തമായി കർത്താവു വിമർശിച്ചു. ശാ
സ്ത്രിമാരെയും പരീശന്മാരെയും വിമർ
ശിച്ച കർത്താവു പാരമ്പര്യത്തെ എതി
ർക്കുകയല്ല ചെയ്തത്. ദുഷിച്ച പാര
മ്പര്യത്തെ വിട്ട് ശരിയായ പാരമ്പര്യ
ത്തിലേക്കു തിരിച്ചു വരുവാനുള്ള ഒരാ
ഹ്വാനമായിരുന്നു താൻ നൽകിയത്.
"ന്യായപ്രമാണത്തെ നശിപ്പിക്കുവാൻ
ഞാൻ വന്നു എന്നു വിചാരിക്കരുത്.
നശിപ്പിക്കുവാനല്ല പൂർത്തീകരിക്കുവാനാ
ണ് 'ഞാൻ വന്നത്'.....ന്യായപ്രമാണ
ത്തിന്റെ ഒരു പുള്ളിയോ വള്ളിയോ
നീങ്ങി പോകുകയില്ല" എന്നാണ് താ
ൻ പറഞ്ഞത്. തന്റെ ജാതിയുടെ
മതാനുഷ്ഠാനങ്ങളിൽ നിഷ്ക്കർഷ
പാലിച്ചിരുന്ന ഒരാളായിരുന്നു നമ്മുടെ
കർത്താവ്. പ്രധാന പെരുന്നാൾ സമ
യങ്ങളിൽ മററാളുകളോടൊപ്പം താനും
യരുശലേം ദേവലയം സന്ദർശിക്ക
പതിവായിരുന്നു. ആചാരാനുഷ്ഠാന
ങ്ങളുടെ ദുഷിച്ച വശത്തെ താൻ എ
തിർത്തു. എന്നാൽ ശരിയായ പാരമ്പര്യ
ത്തെ താൻ ആദരിച്ചു. പാരമ്പര്യ
ത്തെ സംബന്ധിച്ചു വിശുദ്ധ വേ
ദപുസ്തകത്തിൽ പല ഭാഗത്തും ഉപ
യോഗിച്ചിട്ടുള്ള ഒരു പദം "ഭരമേല്പി
ക്കുക" എന്നതാണ്. ഓരോ തലമുറ
യ്ക്കും ഭരമേൽപിക്കപ്പെട്ടിട്ടുള്ളതിനെ അ
ടുത്ത തലമുറയ്ക്കു ഭരമേൽപ്പിച്ചുകൊടുക്കു
ന്നതിലാണ് പാരമ്പര്യത്തിന്റെ തുട
ർച്ച സ്ഥിതിചെയ്യുന്നത്. "എന്റെ
പിതാവു സകലവും എങ്കൽ ഭരമേൽ
പ്പിച്ചിരിക്കുന്നു" (വി: മത്തായി 11:
27) ക്രിസ്തീയ പാരമ്പര്യത്തിന്റെ
ആരംഭം അവിടെയാണ്. നമ്മുടെക
ർത്താവു പിതാവിൽനിന്നു ഭരമേററുവാ
ങ്ങിയതിനെ തന്റെ ശിഷ്യന്മാരെ ഭര
മേൽപ്പിച്ചു, "നീ എനിക്കു തന്നതെല്ലാം
നിന്റെ പക്കൽനിന്നാകുന്നു എന്ന്
അവർ ഇപ്പോൾ അറിഞ്ഞിരിക്കുന്നു.
നീ എനിക്കുതന്ന വചനം ഞാൻ അ
വർക്കു കൊടുത്തു," (വി: യോഹന്നാൻ
17: 7) ശിഷ്യന്മാർ അവർക്കു ലഭിച്ച
ആ പാരമ്പര്യത്തെ അവരുടെ പിൻ
ഗാമികളെ ഭരമേൽപ്പിച്ചു. ഇങ്ങനെ
ക്രിസ്തീയസഭ ദൈവദത്തമായ ഒരു
വിശിഷ്ടപാരമ്പര്യത്തിന് അവകാശി
യായി ഭവിച്ചു. ന്യായപ്രമാണവും പ്ര
വാചകന്മാരും ക്രിസ്തുവിൽ പൂർത്തീ
കരിക്കപ്പെട്ടു. ആ വിധത്തിൽ
നോക്കുമ്പോൾ നമ്മുടെ പാരമ്പര്യം മ
നുഷ്യാവതാരത്തിനു മുമ്പേ ആരംഭിച്ച
താണെന്നു വ്യക്തമാണ്. പഴയനിയ
മക്കാലങ്ങളെ അനുസ്മരിപ്പിക്കുന്ന ന
മ്മുടെ ചില പാരമ്പര്യങ്ങളെക്കുറിച്ചു ല
ജ്ജിക്കുകയോ അവയെ പാടെ ത്യജി
ച്ചുകളയുകയോ ചെയ്യേണ്ട ആവശ്യമില്ല.
ക്രിസ്തുവിനാൽ പൂർത്തീകരിക്കപ്പെട്ട നി
ലയിൽ അവ ഇന്നും ആദരണീയങ്ങളാ
ണ്.

"ആദിമുതൽ കണ്ട സാക്ഷികളും വ
ചനത്തിന്റെ ശുശ്രൂഷകന്മാരുമായവ
ർ നമ്മെ ഭരമേല്പിച്ചതുപോലെ നമ്മു
ടെ ഇടയിൽ പൂർണ്ണമായി പ്രമാണിച്ചു

ബർ 27 മുതൽ 1955 ജനുവരി രണ്ടാം
തീയതി വരെ യുവജനവാരമായി ആ
ഘോഷിക്കുവാൻ നിർദ്ദേശിച്ചു കൊണ്ട്
പ്രസിഡണ്ടു തിരുമേനി കല്പന അയ
ച്ചിട്ടുണ്ട്. സമുദായത്തിന്റെ ഏററവും
ശോചനീയമായ ഒരു ഘട്ടത്തിൽ ഒന്നും
നടക്കുകയില്ല എന്ന് പരിതപിച്ചുകഴി
യുന്ന വൃദ്ധജനങ്ങളെ തട്ടിയുണർത്തി
ഉത്സാഹവും പ്രത്യാശയും അവർക്ക് ന
ൽകേണ്ടതു് പ്രസരിപ്പും ചൊടിയും പ്ര
ദർശിപ്പിച്ച് സൽക്കാര്യങ്ങളിൽ പ്രയ
ത്നിക്കുന്ന യുവജനങ്ങളാണ്. അവരു
ടെ ഉത്സാഹത്തെ സംഘടിപ്പിച്ചു ശ
ക്തമാക്കുന്നതിനുള്ള ഉദ്യമത്തിൽയു
വജനസമാജങ്ങൾ ഉത്സാഹപൂർവ്വം പ്ര
വർത്തിക്കുമെന്നാണ് ഞങ്ങളുടെ വി
ശ്വാസം. യുവജനവാരത്തിലും യുവ
ജന ഞായറാഴ്ച (ജനുവരി 2)യും ന
ടക്കുന്ന എല്ലാപരിപാടികൾക്കും വിജ
യം ആശംസിക്കുന്നു.

വരുന്ന കാര്യങ്ങളെ" വിവരിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണ് വി. ലൂക്കോസ് സുവിശേഷമെഴുതാൻ തുടങ്ങിയതു്. വി. ലൂക്കോസ് കുർബാനയെക്കുറിച്ചു കോരിന്ത്യർക്കെഴുതിയപ്പോൾ തനിക്കു ഭരമേല്പിക്കപ്പെട്ടതിനെ അവരെ ഭരമേല്പിക്കുന്നതായിട്ടാണ് എഴുതിയതു്. തെസ്സലോനിക്യർക്കെഴുതിയപ്പോഴും ഇതുതന്നെയാണ് പറഞ്ഞതു്. "പാരമ്പര്യത്തെ മുറുകെ പിടിച്ചുകൊൾവിൻ" എന്നാണ് താൻ അവരെ ഉൽബോധിപ്പിച്ചതു്. പാരമ്പര്യത്തിൽ നിന്നു വ്യതിചലിച്ചു ക്രമക്കേടായി ജീവിച്ചിരുന്നവരെ സൂക്ഷിക്കണമെന്നും അപ്പോസ്തലൻ ഉപദേശിച്ചു. "പ്രിയരേ നമുക്കു പൊതുവിലുള്ള രക്ഷയെക്കുറിച്ചു നിങ്ങൾക്കെഴുതുവാൻ സകല പ്രയത്നവും ചെയ്യുകയിൽ വിശുദ്ധന്മാർക്ക് ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിനു് പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്ന് എനിക്കു തോന്നി." (യൂദാ 3)

സുവിശേഷത്തിൽ അധിഷ്ഠിതമായ ക്രിസ്തുമതം ഒരിക്കലും പാരമ്പര്യത്തെ തിരസ്കരിച്ചു വേദപുസ്തകത്തെ മാത്രം ആധാരമാക്കി വ്യക്തികളോ സമുദായങ്ങളോ പുതുതായി കെട്ടിപ്പടുക്കുന്ന ഒരു ജീവിതരീതിയല്ലെന്ന് മേൽ ഉദ്ധരിച്ച ഭാഗങ്ങളിൽ നിന്നെല്ലാം വ്യക്തമാണ്. അപ്പോസ്തലന്മാരും അവരുടെ പിൻഗാമികളും അവർക്കു ലഭിച്ച പാരമ്പര്യത്തെ കോട്ടം കൂടാതെ പാലിച്ച് മറ്റുള്ളവർക്കു ഭരമേല്പിച്ചുകൊടുക്കുവാൻ ബദ്ധശ്രദ്ധരായിരുന്നു. മേല്പട്ടക്കാരും പട്ടക്കാരും അവരുടെ സർവപ്രധാനചുമതലയായി അതിനെ പരിഗണിച്ചു വരുന്നു. അവരവരുടെ സ്ഥാനത്തും അളവിലും ഓരോ ക്രിസ്ത്യാനിയിലും ഈ ചുമതലയുടെ ഒരു പങ്കു നിക്ഷിപ്തമാണ്. പാരമ്പര്യത്തോടുള്ള ആദരവു മൂഢതയായിട്ടോ അന്ധവിശ്വാസമായിട്ടോ കണക്കാക്കുന്നവരാണ് ഇക്കാലത്തുള്ള അധികമാളുകളും. എന്നാൽ ആ മനോഭാവം ആത്മഹത്യാപരമാണ്. നമ്മുടെ ക്രിസ്തീയ പാരമ്പര്യത്തിൽ പരാപാവനമായിട്ടുള്ളതിനെയെല്ലാം മുറുകെപ്പിടിക്കുന്നതു നമ്മുടെ ധർമ്മവും ആവശ്യവുമാണ്. നാം എത്ര പുരോഗമിച്ചാലും ആ പാരമ്പര്യത്തിൽ അടങ്ങിയിട്ടുള്ള നിത്യസത്യങ്ങളെ അവഗണിക്കാവുന്ന നിലയിൽ എത്തിച്ചേരുന്നതല്ല. നമ്മുടെ പാരമ്പര്യത്തിൽ ഉറച്ചു നിൽക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

മലബാർ ഭദ്രാസന വാർത്ത

[ബിഷപ്പ് മാർ പത്രോസ് ഒസ്താത്തിയോസ്]

നീലഗിരി, ന്യൂഹോപ്പ്, 8-12-54

കുറിച്ചിറമലെ കഴിഞ്ഞ കൊല്ലം ഞങ്ങൾ ചെന്നപ്പോൾ ഒരു വള്ളിപ്പുലിയെ വെടിവച്ചു കിട്ടിയതുപോലെ ഈത്തവണ ഒരു മുള്ളൻപന്നിയെ കിട്ടി. ഇവിടെ പള്ളി പണിയാനുള്ള സ്ഥലം ഞങ്ങൾ കയറിക്കണ്ടു. സന്ധ്യയ്ക്കു ഒരു യോഗം നടത്തി. മാനന്തവാടിപ്പള്ളി കാറ്റുകൊണ്ടു വീണു പോയതിനാൽ വികാരി യോഹന്നാൻ അച്ചന്റെ ഉത്സാഹത്താൽ അതു വീണ്ടും പണിതു ഓടിട്ടിരിക്കുന്നു. പുഴയ്ക്കു അക്കരെയുള്ള പാത്രിയർക്കീസ് കക്ഷി പള്ളിയിലെ മാറാമന അച്ചൻ എന്നെ വന്നു കണ്ടു കൈമുത്തി. പത്തു നാഴിക ദൂരെയുള്ള അയിരൂർ ജേക്കബ്, അബ്രഹാം മുതൽപേരുടെ ലാറൽസ് കാപ്പിത്തോട്ടത്തിൽ ഞങ്ങൾ രണ്ടു ദിവസം താമസിച്ചു. അവിടെ ഒരാന ഈയിട വീണു കിട്ടീട്ടുണ്ട്. മാനന്തവാടി വൈ. എം. സി. ഏയുടെ ഉൽഘാടനം ഞാൻ നിർവ്വഹിച്ചു. സുൽത്താൻ ബത്തേരിയിൽ ഉടകമണ്ട റോഡിൽ 63-ാം മൈലിൽ നമുക്കു ഒരു ഓർത്തഡോക്സ് പള്ളി തീർക്കേണ്ട കാര്യം ആലോചനയിൽ വന്നിട്ടുണ്ട്. ആ സ്ഥലത്തു നമ്മുടെ ആളുകളുടെ ഒരു വലിയ യോഗവും സന്ധ്യാപ്രാർത്ഥനയും നടന്നു. ചമ്പ്രാകൊട്ടമുടിയുടെ അടുത്തുള്ള മേപ്പാടി പള്ളിയിൽ കുർബാന ചൊല്ലുകയും ചില ഭവനങ്ങൾ കൂദാശ ചെയ്യുകയും ചെയ്ത ശേഷം ഞങ്ങൾ ഇങ്ങോട്ടു പോന്നു. പോരുന്ന വഴിക്കു പന്തല്ലൂർ കുർബാന ചൊല്ലി. കുർബാന ചൊല്ലുന്നതിനു അവിടത്തെ തുമ്പമൺകാരും മറ്റുമായ സുറിയാനിക്കാർ ഒരു മാളികയാണു ഉദ്ദേശിച്ചതു്. എന്നാൽ റോമാപള്ളി വികാരി ഫ്രഞ്ചുകാരൻ ഫാദർ വില്യം അതു സമ്മതിച്ചില്ല. പള്ളി ഇവിടെ ഉള്ളപ്പോൾ വേറെ സ്ഥലത്തു കുർബാന ചൊല്ലിയാൽ ഹിന്ദുക്കൾക്കും മഹമ്മദീയർക്കും ക്രിസ്ത്യാനികൾ ഭിന്നിച്ചിരിക്കുന്നു എന്നു തോന്നുമല്ലോ. ക്രിസ്ത്യാനികൾക്കു ഇന്ത്യയിൽ ഇന്നു യോജിപ്പാണു ആവശ്യം. എന്നു പറഞ്ഞ് പള്ളിയിൽ തിരശീല പുതുതായി അയാൾ തയാറാക്കി കുർബാനയിൽ സംബന്ധിച്ചു. യോജിപ്പിന്റെ ഈ ബുദ്ധി, കഷ്ടം! മലങ്കരയിൽ ഇല്ലാത്തതാണു അത്ഭുതം. ഫാദർ വില്യം പണിയർ മുതലായ താണ ജാതിക്കാരെ പഠിപ്പിച്ച് ക്രിസ്ത്യാനികളാക്കുന്നു. നവീകരണോപദേശങ്ങൾ നമുക്കില്ലെന്നും നാം ഓർത്തഡോക്സ് വിശ്വാസികളാണെന്നും വികാരിക്കു അറിവുള്ളതുകൊണ്ടാണു നമ്മോടു ഈ സൗഹാർദ്ദം കാണിച്ചതു്. എന്നെ കണ്ടയുടനെ അയാൾ എന്റെ കൈ തപ്പിനോക്കി പുലിക്കോട്ടു കുടുംബം സ്ഥാനാരോഹണ ദിവസം എനിക്കു സമ്മാനിച്ചിരുന്ന പവിഴമോതിരം മുത്തുകയുണ്ടായി. ഇപ്പോൾ വേറൊരു മലബാർ മിഷ്യനറി, സ്ളീബാദാസൻ ടി. ജി. കുര്യാക്കോസ് കത്തനാരാണു എന്റെ സഞ്ചാരത്തിൽ കൂടെയുള്ളതു്. വൈനാട്ടിലേയും നീലഗിരിയിലേയും തണുപ്പു അസഹനീയം തന്നെ.

THE BANK OF NEW INDIA Ltd.

H. O. TRIVANDRUM

BOARD OF DIRECTORS:

Sri· K. George B. A., Trivandrum (Chairman).
,, E· J. Philipose B· A· B· L· Trivandrum
,, N· O· Inasu, Trichur,
,, P· C. Kurian M· A· B. L·, Madras.
,, C· J· John B· A· Kottayam·
,, P. T. Varughese, Perumpavoor·
,, P· K· Chacko, Alwaye·

K. E. CHERIAN,
General Manager.

വേദവായനക്കുറിപ്പുകൾ

നാലാം സുവിശേഷം

തിങ്കൾ യോഹ: 3: 22—30

യേശുതമ്പുരാൻ നിക്കോദിമോസിനോടു പറഞ്ഞകാര്യങ്ങൾക്കു് ഉപോദ്ബലകമായിട്ടാണ് വി: യോഹന്നാൻ സ്നാപകന്റെ അവസാന സാക്ഷ്യമായി ഇവിടെ നൽകപ്പെടുന്ന ഈ വാക്യങ്ങളെ കാണേണ്ടതു്.

ഈ കഴിഞ്ഞ ദിവസം ഒരിടവകപ്പള്ളിയിൽ ഒരു യുവതി ചോദിച്ചതാണ്. "മതമേതായാലും മനുഷ്യൻ നന്നായാൽപ്പോരേ" എന്ന്. ശ്രീനാരാണഗുരു പറഞ്ഞതു് "മതമേതായാലും മനുഷ്യൻ നന്നാകണം" എന്നാണ്; അല്ലാതെ "നന്നായാൽ മതി" എന്നായിരുന്നില്ല. യഹൂദമതത്തിലെ ധാർമ്മിക ന്യായങ്ങൾക്കനുസരിച്ചുള്ള ജീവിതരീതികൊണ്ടു മാത്രം ദൈവത്തെ കാണുവാനോ, സ്വർഗ്ഗരാജ്യത്തെ അനുഭവിപ്പാനോ സാദ്ധ്യമല്ല; ചെറിയ കുട്ടികളെപ്പോലെ, വളരുവാനുള്ള ആഗ്രഹത്തോടും പിതാവിങ്കലുള്ള വിശ്വാസത്തോടും കൂടെ പിതാവിങ്കലേക്കു് പുത്രൻ മൂലം വരുന്നവനേ പിതാവിനെ കാണുവാൻ കഴിയുകയുള്ളു എന്നാണ് താൻ നിക്കോദിമോസിനോടു് പറഞ്ഞതു്.

ന്യായത്തിലും നീതിയിലുമുള്ള നമ്മുടെ ജീവിതത്തിൽ നിന്നും വിനീതത്വത്തിലും അനുതാപത്തിലും സ്നേഹത്തിലുമുള്ള ക്രിസ്തീയ ജീവിതത്തിലേക്കു്—യോഹന്നാൻസ്നാപകന്റെ മാമോദീസായിൽ നിന്നും ക്രിസ്തുവിന്റെ മാമോദീസായിലേക്കു് ദൈവം നമ്മെ ഓരോരുത്തരേയും തിരിക്കട്ടെ. അപ്പോൾ ന്യായത്തിന്റെയും നീതിയുടെയും പേരിലുണ്ടാകുന്ന കലഹങ്ങളും സ്പർദ്ധകളും നീങ്ങിപ്പോകും.

ചൊവ്വ: യോഹ: 3: 31—4:3

"എന്റെ മാമോദീസാ ഒരു സൂചനാചാരം മാത്രമാണ്. ഇതു് വെറും ഒരു ബാഹ്യചടങ്ങാണ്—ആന്തരികമായ യാഥാർത്ഥ്യങ്ങളിലേക്കു് ചൂണ്ടിക്കാണിക്കുന്ന ഒരു ആചാരം. എന്നാൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞവനായ യേശുക്രിസ്തുവിന്റെ മാമോദീസാ, നിത്യജീവനിലേക്കു് നിരപ്പിക്കുന്ന സത്യകൂദാശയാകുന്നു." എന്നു് സ്നാപകൻ പറയുന്നു.

മനുഷ്യരാൽ അനുഷ്ഠിതങ്ങളാകുന്ന കൂദാശകൾക്കു് പരിപൂർണ്ണത വരുന്നതു യേശുനാഥൻ പിതാവിന്റെ സവിധത്തിൽ നിതാന്തമായി അർപ്പിച്ചുകൊണ്ടിരിക്കുന്ന ഏക ബലിമൂലമാകുന്നു. സഭയുടെ ദിവ്യ കൂദാശകളിൽ നാം പങ്കെടുക്കുമ്പോൾ, സ്വർഗ്ഗത്തിൽ നിന്നു് ഇറങ്ങിവന്നവനും സ്വർഗ്ഗത്തിലേക്കു് വീണ്ടും പ്രവേശിച്ചിട്ടുള്ളവനുമായ രക്ഷകന്റെ നിത്യബലി നമ്മുടെ ഹൃദയത്തിലും ഭാവനയിലും രൂപമെടുത്തു് പരിശുദ്ധാത്മനൽവരങ്ങളിലേക്കു് നമ്മെ പ്രവേശിപ്പിക്കുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

ക്രിസ്തുവിന്റെ യിസ്രായേൽ തന്റെ നാഥന്റെ അടുക്കലേക്കു കൂടുന്നതു കണ്ടു് സന്തോഷിക്കുവാനും "അയ്യോ സഭ എന്റെ കയ്യിൽ നിന്നു് വിട്ടുപോയല്ലോ" എന്നോർത്തു് ഖേദിക്കാതിരിക്കുവാനുള്ള ദൈവഹിത ബോധം വി: യോഹന്നാൻ മാംദോനോയേപ്പോലെ നമ്മുടെ സഭാധിപന്മാർക്കും ഉണ്ടാകട്ടെ.

ബുധൻ വി: യോഹ: 4:1—6

യേശുനാഥന്റെ അടുക്കലേക്കു് സഭ കൂടുതലായി അടുക്കുന്നതു് കണ്ടിട്ടു് പരീശന്മാർക്കു് കോപമാണുണ്ടാകുന്നതു്. യഹൂദമതത്തിലെ മാമോദീസായുടെ കാമ്പില്ലായ്മമൂലവും, തങ്ങളുടെ ഹൃദയത്തിലെ ആദ്ധ്യാത്മിക തൃഷ്ണകൾക്കു് സമാധാനം നൽകുന്ന പരിശുദ്ധാത്മനൽവരം അവിടെ ലഭിക്കായ്കകൊണ്ടുമാണല്ലോ, അനേകംപേർ യേശുനാഥന്റെ അടുക്കലേക്കു് തിരിഞ്ഞതു്. എന്നാൽ ഇങ്ങനെ തിരിയുന്നതു കണ്ടിട്ടു്, തങ്ങളുടെ മതത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഇല്ലാതായിപ്പോയല്ലോ എന്നോർത്തു് പശ്ചാത്തപിച്ചു് ദൈവത്തിങ്കലേക്കു് തിരിയുന്ന ഒരു മനോഭാവമാണോ സഭാപ്രധാനികളായ പരീശന്മാർക്കുണ്ടായതു്?

യേശുനാഥനെ സഭയിൽ നിന്നും നമ്മുടെ ഭവനങ്ങളിൽ നിന്നും നമ്മുടെ ഹൃദയങ്ങളിൽ നിന്നും തുരത്തിയോടിക്കുവാൻ ശ്രമിച്ചവരായി ന്യായവിധിനാളിൽ നാം കാണപ്പെടുമോ?

സത്യവിശ്വാസാചാരങ്ങളാകുന്ന ദൃഢാടിസ്ഥാനങ്ങളിന്മേൽ നിൽക്കുന്ന നമ്മുടെ സഭയിൽ തനിക്കു് സ്ഥാനം നാം കൊടുക്കാതിരിക്കുന്നതു കൊണ്ടു്, തന്നെ മുഴുവനായി മനസ്സിലാക്കുവാനുള്ള പശ്ചാത്തലമില്ലാത്ത ശമര്യക്കാരായ പുതിയ സഭകളിലേക്കു് പ്രയാസപൂർവ്വം പോകേണ്ടതായി വരുന്നുണ്ടോ?

വ്യാഴം. വി: യോഹ: 4:5–10

ദൈവപുത്രൻ പാപിയായ ഒരു സ്ത്രീയോടു് "എനിക്കു് കുടിക്കുവാൻ തരണമേ" എന്നപേക്ഷിക്കുന്ന ഈ രംഗം, സുവിശേഷകന്റെ ചിന്തയിൽ വളരെ അന്തരാർത്ഥമുള്ളതാണ്.

ശമര്യക്കാരിയും യഹൂദനും തമ്മിലുള്ള ബന്ധമില്ലായ്മയെ മാത്രമേ അസ്ത്രീ കാണുന്നുള്ളു. പാപിയായ മനുഷ്യനും പരിശുദ്ധനായ ദൈവപുത്രനും തമ്മിലുള്ള അകൽച്ചയെ അവൾക്കു് കാണിച്ചു കൊടുക്കുകയെന്നുള്ളതാണ് യേശുനാഥന്റെ ഉദ്ദേശം. പാപിയായ അവൾ എല്ലായ്പ്പോഴും ഈ ലോകത്തിലുള്ള കാര്യങ്ങളെക്കുറിച്ചു സംസാരിക്കുന്നു. ദൈവപുത്രനായ താനോ സ്വർഗ്ഗീയമായ കാര്യങ്ങളെപ്പറ്റി പ്രസ്താവിക്കുന്നു(യോഹ: 3: 31—32).

നക്കു് പ്രവേശിക്കുവാൻ അർഹതയില്ലാത്ത ദൈവരാജ്യത്തിലേക്കു് നമ്മെ പ്രവേശിപ്പിക്കുവാൻ വേണ്ടി, താൻ നമ്മുടെ ഹൃദയത്തിലേക്കു തന്നെ പ്രവേശിപ്പിക്കണമേ എന്നർത്ഥിക്കുന്നു. നമുക്കു കുടിക്കുവാനർഹതയില്ലാത്ത നിത്യജീവന്റെ വെള്ളം നമ്മെ കുടിപ്പിക്കുവാൻ വേണ്ടി നമ്മോടു് താൻ "എനിക്കു് കുടിക്കുവാൻ തരണമേ" എന്നാവശ്യപ്പെടുന്നു. മറ്റുള്ളവർക്കു് നന്മചെയ്യുവാൻ താൻ നമുക്കു തരുന്ന ഓരോ അവസരവും, നമുക്കു് താൻ നന്മചെയ്യുവാൻ ഉതകുന്ന പൊന്നവസരങ്ങളാണ്.

വെള്ളി വി: യോഹ: 4: 11—15

ദൈവത്തെ ദൈവമായിക്കാണുവാൻ നമുക്കു് സാധിക്കാത്തതുകൊണ്ടാണ് തന്റെ സാദ്ധ്യതകളെക്കുറിച്ചും നാം സംശയിക്കാനിട വരുന്നതു്. നമ്മുടെ ആവശ്യം നിർവഹിക്കുന്നതിനു്, നമുക്കു് കാണാവുന്നതിൽ കൂടുതലായ മാർഗ്ഗങ്ങളൊന്നും കാണുന്നതിനോ സൃഷ്ടിക്കുന്നതിനോ ദൈവത്തിനും കഴിവില്ലെന്നു് നാം പലപ്പോഴും ചിന്തിക്കുന്നതു് ഇതിന്റെ ഫലമാണ്. നമ്മെക്കാൾ വലിയവർ വിചാരിച്ചിട്ടു് ഇത്രയേ സാധിച്ചുള്ളുവെങ്കിൽ (4:12) ഇനി ഇതിൽ കൂടുതൽ ആരെക്കൊണ്ടു് സാധിക്കും എന്ന ചിന്തയും അതേത്തുടർന്നുള്ള നിരാശയുമാണ് ഏതു കാര്യത്തിലും നമ്മിലധികം പേരും അനുഭവപ്പെട്ടു വരുന്നതു്. നമ്മുടെ സഭയിലെ സന്ധിയാലോചനകൾ ഒരു വിഷമസന്ധിയിലെത്തിയിരിക്കുന്ന ഈ കാലഘട്ടത്തിൽ, ദൈവകാരുണ്യമില്ലാതെ നമുക്കൊന്നും തന്നെ സാദ്ധ്യമല്ലെന്നും, തന്നോടുള്ള വിശ്വാസത്തിലും ആശ്രയത്തിലും നാം പ്രാർത്ഥിച്ചു പ്രവർത്തിക്കുമ്പോൾ, മല മാറ്റി മഹാംബോധിയിൽ മുക്കുവാനും നമുക്കു സാധ്യമാകുമെന്നും ഉള്ള ബോധം പുതിയ പ്രാർത്ഥനയിലേ

നിരുപമനായ ആ ഗലീലിയൻ

ആർ. വി.

II

അവിടുന്നു് ഒരു ഗ്രന്ഥകാരനായിരുന്നില്ല. ഏതെങ്കിലും ഗ്രന്ഥം ചമയ്ക്കുകയോ, കവിതരചിയ്ക്കുകയോ, പ്രമാണങ്ങൾ നിർമ്മിയ്ക്കുകയോ, പത്രം പ്രസാദനം ചെയ്യുകയോ, ലേഖനങ്ങൾ എഴുതുകയോ ചെയ്ത ഒരു വ്യക്തിയായിരുന്നില്ല അവിടുന്നു്. അവിടുന്നു എഴുതിയ ഏകവാചകം മണലിൽ ആയിരുന്നു. അതു് ആ ദിവസം തന്നെ മാഞ്ഞുപോകുകയും ചെയ്തു. അതിലൊരു അക്ഷരം പോലും എന്തായിരുന്നു എന്നു് ആരും അറിഞ്ഞിട്ടില്ല. എങ്കിലും മറേറതൊരു മനുഷ്യനേയും അപേക്ഷിച്ചു കൂടുതൽഗ്രന്ഥങ്ങൾ അവിടുത്തെപ്പററിയും അവിടുത്തെ വചനങ്ങളെപ്പററിയും എഴുതപ്പെട്ടിട്ടുണ്ടു്. ലോകാരംഭം മുതൽ ഇന്നയോളം ജീവിച്ചിരുന്നിട്ടുള്ള സർവ്വഗ്രന്ഥകാരന്മാർക്കും കൂടെ ഉള്ളതിൽ കൂടുതലായ സ്വാധീനശക്തി തനിക്കു് മററുള്ളവരുടെമേലുണ്ടു്. അവിടുത്തെ ജീവചരിത്രം ഇന്നയോളം ആയിരത്തിഒരുനൂറിലധികം ഭാഷകളിലേക്കു് വിവർത്തനം ചെയ്തുകഴിഞ്ഞിരിക്കുന്നു; അനേകലക്ഷങ്ങൾ ദൈനംദിനം അതു് പാരായണം ചെയ്യുകയും ചെയ്യുന്നു. എല്ലാകൊല്ലത്തിലും സർവ്വോപരി ചെലവാകുന്ന ജീവചരിത്രഗ്രന്ഥവും അതുമാത്രമാണു്.

അവിടുന്നു് ഒരു വാഗ്മി ആയിരുന്നില്ല; എങ്കിലും മറെറാരു മനുഷ്യനും തന്നെപോലെ സംസാരിച്ചിട്ടില്ല. തന്റെ സംഭാഷണങ്ങൾ സഹസ്രകണക്കിനു പ്രസംഗവിഷയങ്ങളായി തീർന്നിട്ടുണ്ടു്. അവിടുത്തെ ഉപദേശശകലങ്ങളിൽ പലതും മാർബിളിലും കരിങ്കൽശലാകകളിലും ലോഹതകിടുകളിലും ഉല്ലേഖനം ചെയ്തു് ദേവാലയങ്ങളിലും മഹാഗോപുരങ്ങളിലും ഓർമ്മസ്തംഭങ്ങളിലും സൂക്ഷിക്കപ്പെട്ടിരിക്കുന്നു. അവിടുത്തെ വാക്കുകൾ സാഹിത്യത്തിലെ വിലയേറിയ രത്നക്കല്ലുകളാണു്. യാതൊരു സാഹിത്യാചാര്യനും തന്നോടു തുല്യത അർഹിക്കുന്നില്ല. ഷേക്സ്പിയർ, മിൽട്ടൺ, എമേഴ്സൺ എന്നിവരൊക്കെ തന്റെ സന്നിധിയിൽ നമ്രശിരസ്കരാകുകയാണു ചെയ്തിട്ടുള്ളതു്. ആശയപ്രകടനത്തിനു് സഹായകമായ ശൈലികൾ, ഉപമകൾ, അലങ്കാരങ്ങൾ, ഉദാഹരണങ്ങൾ ഇവയെല്ലാം ഏററവും സമർത്ഥമായി തൻ ഉപയോഗിച്ചിട്ടുണ്ടു്. അതുമൂലം തന്റെ ചിന്താശകലങ്ങൾക്കു് മാററു കുറഞ്ഞുപോകുകയോ സത്യത്തിൽ മായം കലരുകയോ ചെയ്തിട്ടില്ല.

അവിടുന്നു് ഒരു കവി ആയിരുന്നില്ല; എങ്കിലും ആയിരമായിരം കവികൾക്കു് തങ്ങളുടെ ഉന്നതാശയങ്ങൾ പ്രകടിപ്പിക്കുന്നതിനു് പ്രചോദനം താൻ നൽകിയിട്ടുണ്ടു്. അദ്ദേഹം ഒരു ഗായകനായിരുന്നില്ല. എങ്കിലും ഗായകലോകത്തിൽ സുപ്രസിദ്ധരായ അനേകർക്കു് വേണ്ട ഉത്തേജനം തന്നിൽനിന്നാണു് ലഭിച്ചിട്ടുള്ളതു്. സുപ്രസിദ്ധങ്ങളായ ക്രൈസ്തവഗാനങ്ങളൊന്നും തന്റെ അഭാവത്തിൽ വിരചിതമാകുമായിരുന്നില്ല.

അവിടുന്നു് ഒരു കലാകാരനോ കരകൗശലവിദഗ്ദ്ധനോ ചിത്രകാരനോ ആയിരുന്നില്ല. എങ്കിലും സുപ്രസിദ്ധരായ അനേക കലാകാരന്മാർക്കു് വേണ്ട പ്രചോദനം തന്നിൽ നിന്നാണു് ലഭിച്ചിട്ടുള്ളതു്.

ഗലീലയിൽ നുകവും കൊഴുവും മാത്രം നിർമ്മിച്ചു് പരിശീലിച്ച ഒരു തച്ചനായിരുന്നു അദ്ദേഹം. എങ്കിലും മനുഷ്യനു് അറിയപ്പെട്ടിട്ടുള്ളതിലേക്കും അത്യുൽകൃഷ്ടവും മനോഹരവുമായ കലാശില്പത്തിനുള്ള പ്രചോദനം തന്നിൽനിന്നു് പുറപ്പെട്ടു: അതേ സ്വഭാവരൂപീകരണവിഷയത്തിൽ– മനുഷ്യജീവിയെ അത്യുത്തമപൗരനാക്കുന്ന കൃത്യത്തിൽ– പ്രത്യേക വൈദഗ്ദ്ധ്യം തനിക്കുണ്ടായിരുന്നു. പത്രോസിനെ ഒരു പരിശുദ്ധനായി താൻ രൂപാന്തരപ്പെടുത്തി. ശൗലിനെ പൗലൂസായും;

അവിടുന്നു് ഒരു രാജ്യതന്ത്രജ്ഞനായിരുന്നില്ല. ഔദ്യോഗികസ്ഥാനം താൻ വഹിക്കുകയോ കാംക്ഷിക്കുകയോ ചെയ്തിരുന്നില്ലെങ്കിലും അവൻ ഒരു രാജ്യം സംസ്ഥാപിച്ചു. അതിനൊരു ഭരണഘടനയും നൽകി. ആ ഭരണഘടനയാണു് ഗിരി പ്രഭാഷണം. അവന്റെ തത്വങ്ങൾ തെററുകൾക്കു് ഇടം നൽകുന്നില്ല. അവൻ ഒരു വിപ്ളവകാരിയും ഉപദ്രവകാരിയും ആയിരുന്നു. അതേ തിന്മയ്ക്കും മർദ്ദനത്തിനും എതിരായി അവൻ യുദ്ധം ചെയ്തു.

യേശു രക്ഷകനായിട്ടാണു വന്നതു്. "ലോകത്തിന്റെ പാപത്തെവഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞിട്ടു്" എന്നു പറഞ്ഞാണു് യോഹന്നാൻ അവന്റെ ശ്രോതാക്കൾക്കു് യേശുവിനെ പരിചയപ്പെടുത്തിയതു്. അവൻ അതുല്യനായ ഒരു ഉപദേഷ്ടാവും അഗാധജ്ഞാനിയായ തത്വചിന്തകനുമായിരുന്നു. എന്നാൽ അവയിലെല്ലാമുപരിയായി അവൻ വീണ്ടെടുപ്പുകാരനായിരുന്നു. അവൻ സ്വജനത്തെ അവരുടെ പാപങ്ങളിൽ നിന്നു ഉദ്ധരിക്കുവാനായി വന്നു. കാണാതെപോയതിനെ അന്വേഷിക്കുവാനും കണ്ടുപിടിക്കുവാനും തന്നെ.

മനുഷ്യചരിത്രത്തിൽ ഉണ്ടായിട്ടുള്ള പരമപ്രധാനവും ഏററവും അർത്ഥഗർഭവുമായ കൃത്യം ഒരു കുന്നിന്റെ ഉപരിതലത്തിൽ അന്ധകാരവൃതമായ ആകാശത്തിന്റെ പശ്ചാത്തലത്തിൽ രണ്ടു ചോരന്മാരുടെ മദ്ധ്യത്തിൽ കുരിശിന്മേൽ ഏകനായി തൂങ്ങിക്കിടന്നുകൊണ്ടു് അവൻ നിർവ്വഹിച്ചു. യുഗാന്തരങ്ങളിൽ നടന്നിട്ടുള്ളതിലേക്കും വലിയ പോർ അവൻ ഏകനായി നടത്തി. സാഹചര്യവിസ്മൃതരായ ഒരു ജനക്കൂട്ടം അവന്റെ രക്തത്തിനായി മുറവിളിച്ചു. "അവനെ ക്രൂശിക്കുക" എന്നുള്ള ജനാവലിയുടെ ആരവം നാട്ടു

ക്കും പരിശ്രമത്തിലേക്കും നമ്മെ നയിക്കട്ടെ.

ശനി, വി: യോഹ: 4: 11-16

മനുഷ്യ നിർമ്മിതമായ യാതൊന്നും സ്ഥാവരമല്ല. അന്യോന്യം പോർ പൊരുതിയുണ്ടാക്കിയിട്ടുള്ള സന്ധിവ്യവസ്ഥകളും ഒത്തുതീർപ്പുകളും തൽക്ഷണം തകരുന്നതായിട്ടു് നാം കണ്ടിട്ടുണ്ടല്ലോ. ലോകത്തിലെ കിണറുകളിൽ നിന്നും കോരുന്ന ജലം തൽക്കാലം ദാഹമടക്കുമെങ്കിലും വീണ്ടും ദാഹിയ്ക്കാതെയിരിക്കുവാൻ നമുക്കു സാദ്ധ്യമല്ല. ദൈവത്തിൽനിന്നും നൽകപ്പെടുന്ന സമാധാനമോ എല്ലായ്പ്പോഴും വർദ്ധിച്ചുകൊണ്ടിരിക്കുന്നു, എത്തിപ്പോകാത്ത സമാധാനമാണു്. സഭയിൽ പൊതുവെ സമാധാനമുണ്ടാകുവാൻ മനുഷ്യർ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ, ഇടവകമെത്രാപ്പോലീത്താമാർ അന്യോന്യം കോടതി കയറുകയും കയററുകയും ചെയ്യുന്നതു് നാം കണ്ടിട്ടുണ്ടല്ലോ. കർത്താവേശുമിശിഹായുടെ കുരിശുമരണം മൂലം നൽകപ്പെടുന്ന, അനുതാപത്തിന്മേലും പരസ്പരസ്നേഹത്തിന്മേലും അധിഷ്ഠിതമായിട്ടുള്ള, സത്യവും സ്ഥാവരവുമായ ദിവ്യസമാധാനം നമ്മുടെ സഭയിന്മേലും കുടുംബങ്ങളിന്മേലും ഹൃദയങ്ങളിന്മേലും ദൈവം ചൊരിയട്ടെ.

വാഴിയായ പീലാത്തോസിന്റെ ന്യായാധിപമണ്ഡപത്തിൽ അത്തോളം ഇത്തോളം മാറ്റൊലികൊണ്ടു. ജനാവലിയെ ഭയപ്പെട്ട ഭരണാധിപൻ ഉത്തരവാദിത്വം ഒഴിഞ്ഞുമാറുവാൻ ശ്രമിച്ചുനോക്കി. ആ ന്യായാധിപൻ സ്വന്തകൈകൾ കഴുകി എങ്കിലും അവന്റെ തെറ്റിനെ കഴുകിക്കളയുവാൻ അവനു കഴിഞ്ഞില്ല.

അവർ യേശുവിനെ പിടിച്ച് ഒരു കുരിശ് അവന്റെ തോളിൽ വച്ചുകയും ഒരു മുൾകിരീടം അവരുടെ ക്രൂരതയെ വെളിവാക്കുവാൻ പശ്ചാപൂമായ വിധം അവന്റെ ശിരസ്സിൽ ചൂടിക്കുകയും ചെയ്തു. കുന്തത്തിന്റെ മുനകാണിച്ചു കാൽവറിയുടെ മുകളിലേക്കു അവനെ നയിക്കുവാൻ അവർ ശ്രമിച്ചു. ക്ഷീണനും പരവശനുമായി, പീഡിതനും താഡിതനുമായി, അവൻ അ കുന്നിൻ മുകളിലേക്കു നടന്നു കയറി. അവർ അവനെ ഒരു കുരിശിൽ കിടത്തി കൈകാലുകളിൽ ഇരുമ്പാണി അടിച്ചുകയറ്റിയതിന്റെ ശേഷം കുരിശുയർത്തി അതിന്റെ നാളത്തിൽ അതു ഉറപ്പിച്ചു. കുരിശിനു ചുറ്റും കൂടിയിരുന്ന ജനസമൂഹം പുച്ഛരസ്വരത്തിൽ വിളിച്ചു പറഞ്ഞു. നീ ദൈവപുത്രനാകുന്നു എങ്കിൽ കുരിശിൽ നിന്നിറങ്ങിപ്പോരിക — — — —അവൻ മറ്റുള്ളവരെ രക്ഷിച്ചു തന്നെത്താൻ രക്ഷിപ്പാൻ കഴിഞ്ഞില്ല. എന്നാൽ തന്റെ ജീവനെ രക്ഷിക്കുന്നതിലുമുപരിയായ ഒരു കൃത്യം അവനു് ആ നാഴികയിൽ ചെയ്യുവാനുണ്ടായിരുന്നു. അതേ നമ്മെ രക്ഷിക്കുന്ന കൃത്യംതന്നെ.

എന്തൊരു ചിത്രം! ഭയാനകം, അതേ സമയത്തു ചിന്തോദ്ദീപകം. അരോചകം, അതേസമയത്തു് അത്ഭുതാവഹം. വേദനാജനകം, അതേസമയത്തു് ഫലദായകം. അവസാനം യേശു വിളിച്ചു പറഞ്ഞു. "സർവ്വവും നിവർത്തിയായി". അവൻ മരിച്ചപ്പോൾ ദേവാലയമറ രണ്ടായി ചിന്തിപ്പോയി. അങ്ങനെ നമ്മുടെ രക്ഷ സാധിതപ്രായമായി. അനുതപിക്കുന്ന ആത്മാവിനു് മൂലം അനുതപിക്കുന്ന ആത്മാവിനു് വിശുദ്ധതയുടെ വിശുദ്ധ സ്ഥലം വിശാലമായി തുറക്കപ്പെട്ടു. ഒരു നൂതനനാഴിക സമാഗതമായി. ഒരു പുതുദിവസം ഉദിച്ചു. മനുഷ്യൻ ദൈവവുമായി അനുരഞ്ജനയിലെത്തി. അവന്റെ പാപങ്ങൾ മോചിക്കപ്പെട്ടു:

ക്രിസ്തുവിന്റെ കുരിശു് നിങ്ങൾക്കുവേണ്ടി എന്തൊ ചെയ്യുന്നുണ്ടു്. കുരിശു ശ്രദ്ധയെ ആകർഷിക്കുകയും, ധാരണയെ ക്ഷണിക്കുകയും വികാരങ്ങളെ തട്ടിയുണർത്തുകയും ഇച്ഛാശക്തിയെ വെല്ലുവിളിക്കുകയും ചെയ്യുന്നു. അതിന്റെ സാന്നിദ്ധ്യത്തിൽ മനുഷ്യന്റെ ആത്മസത്ത ഉത്തേജനം പ്രാപിക്കുന്നു. കുരിശിലെ ഏതോ അയസ്കാന്ത ശക്തി നമ്മെ അങ്ങോട്ടു് ആകർഷിക്കുന്നു. വ്യാഖ്യാനാതീതമായ ഏതോ ശക്തി നമ്മെ ഗ്രസിക്കുന്നു. അതിന്റെ സാന്നിദ്ധ്യത്തിൽ നിശ്ചലരായി നാം നിന്നുപോകുന്നു. വിശുദ്ധി, നന്മ, സത്യം എന്നിവ നമ്മെ വെല്ലുവിളിക്കുന്നു. നാമറിയാതെ തന്നെ ഒരു നൂതനപന്ഥാവിലേക്കു നീതരാകുന്നു. നാം ആ കുരിശിൽ ആലിംഗനം ചെയ്യുകയും അതിൽ തൂങ്ങുന്ന ക്രിസ്തുവിനെ രക്ഷകനായി കൈക്കൊള്ളുകയും ചെയ്യുന്നു.

ഈ തലമുറയിൽ ജീവിക്കുന്ന നാം രണ്ടുലോകാമഹായുദ്ധങ്ങൾക്കു് ദൃക്സാക്ഷികളാണു്. മൂന്നാമതൊന്നു് സമീപിച്ചുകൊണ്ടിരിക്കുന്നു. യേശു അവയ്ക്കെല്ലാം ഉപരിയായി നിന്നുകൊണ്ടു അരുളിച്ചെയ്യുന്നു. "ഞാൻ ഇപ്പോഴും ഇവിടെയുണ്ടു്. ഞാൻ നിങ്ങൾക്കു ഇപ്പോഴും ലഭ്യനാണു്. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ നിങ്ങൾ എന്റെ സമീപത്തേക്കു് വരിക, ഞാൻ നിങ്ങൾക്കു് ആശ്വാസം തരും"

അവൻ അത്ഭുതാവഹമായ വ്യക്തിത്വമുള്ളവനാണു്. അവൻ ഇപ്പോഴും ജീവിക്കുന്നവനും തങ്കലേക്കു വരുന്ന ഏവരേയും രൂപാന്തരപ്പെടുത്തുവാൻ കഴിവുള്ളവനുമാണു്. നമ്മുടെ ആവശ്യം വ്യക്തിപരമാണു. നമ്മുടെ ആവശ്യം ഉത്തമമായവ്യാപാരമല്ല, ഉത്തമരായവ്യാപാരികളാണു്. ഉത്തമമായ വിദ്യാഭ്യാസമല്ല, ഉത്തമരായ വിദ്യാഭ്യാസപ്രവർത്തകരാണു്. ഉത്തമമായ ബാങ്കു പ്രവർത്തനമല്ല, ഉത്തമരായ ബാങ്കുപ്രവർത്തകരാണു്, ഉത്തമമായകൃഷിയല്ല. ഉത്തമരായ കർഷകരാണു്, ഉത്തമമായ നിയമമല്ല, ഉത്തമരായ നിയമജ്ഞന്മാരാണു്. സർവ്വത്തിനും ഉത്തരം ക്രിസ്തു മാത്രമാണു്. അവനാണു നമ്മുടെ ഏകപ്രത്യാശ.

ക്രൈസ്തവസാഹിത്യസമിതി

സി. ഈ. ജി.

ഭാരതത്തിലെന്നു മാത്രമല്ല വിദേശരാജ്യങ്ങളിൽപോലും ഒരു ക്രൈസ്തവപ്രസിദ്ധീകരണശാല എന്ന നിലയിൽ സാമാന്യമായ പ്രശസ്തി ആർജ്ജിച്ചു കഴിഞ്ഞിട്ടുള്ള ഒരു സ്ഥാപനമാണു് സി. എൽ. എസ്. അഥവാ ക്രിസ്ത്യൻ ലിറ്ററേച്ചർ സൊസൈറ്റി. സഭവകയായി ഒരു പ്രസിദ്ധീകരണശാല സ്ഥാപിതമായി കാണുവാൻ കാംക്ഷിക്കുന്ന ഏവർക്കും പ്രചോദനവും മാർഗ്ഗദർശനവും നൽകുവാൻ പര്യാപ്തമായ ഒരു സ്ഥാപനമാണു് ഇതു് എന്നുള്ളതിനു് സംശയമില്ല. എന്നാൽ ഇന്നു് പേരും പെരുമയും ആർജ്ജിച്ചുകഴിഞ്ഞിട്ടുള്ള ഈ സ്ഥാപനം ഈ നിലയിൽ കെട്ടിപ്പടുത്തുകൊണ്ടുവരുന്നതിനു് എത്രപേരുടെ നിസ്വാർത്ഥസേവനം ആവശ്യമായിരുന്നു എന്നോ, അതു് തരണം ചെയ്യേണ്ടിവന്ന ദുർഘടസരണികളും പരിവർത്തനങ്ങളും എത്രയെന്നോ അധികമാരും അറിഞ്ഞിരിക്കയില്ല. ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, കർണ്ണാടകം, മലയാളം എന്നീ ഭിന്നഭാഷകളിൽ ക്രൈസ്തവഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിൽ ഇപ്പോൾ ശ്രദ്ധപതിപ്പിച്ചുവരുന്ന ഈ സ്ഥാപനത്തിന്റെ ഒരു സംക്ഷിപ്തചരിത്രം ഇവിടെ സംഗതമായിരിക്കുമെന്നു കരുതുന്നു.

പരസ്ത്യദേശങ്ങളിൽസ്വന്തകാലിൽ നിൽക്കുവാൻ കഴിവുള്ള ഏകക്രൈസ്തവ പ്രസിദ്ധീകരണശാലഎന്നനിലയിൽ എത്തിയിട്ടുള്ള ഈ സ്ഥാപനംസി. എൽ. എസ്. എന്ന പേരിൽ ഇൻഡ്യയിൽ റജിസ്റ്റർ ചെയ്ത ഒരു കമ്പനിയായി പ്രവർത്തനം ആരംഭിച്ചിട്ടു് ഒരു വർഷമേ ആയിട്ടുള്ളു എങ്കിലും ഏതാണ്ടു് രണ്ടു നൂററാണ്ടുമുമ്പാണു് ഈ പ്രസിദ്ധീകരണശാല പ്രഥമമായി ഇൻഡ്യയിൽ പ്രവർത്തനം ആരംഭിച്ചതു്. ഇംഗ്ലണ്ടിൽ സംഘടിതമായ എസ്. പി. സി. കെ. (Society for Propagation of Christian knowledge)യുടെ ആഭിമുഖ്യത്തിൽ 1760-ലാണു് ക്രൈസ്തവഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം പ്രധാനലക്ഷ്യമാക്കിക്കൊണ്ടു് ഇന്നു് പ്രസിദ്ധമായിത്തീർന്നിട്ടുള്ള ഡയോസിസൻ പ്രസ് ആദ്യമായി മദ്രാസിൽ പ്രവർത്തനം ആരംഭിച്ചതു്. അതേതുടർന്നു് 1818-ൽ മദ്രാസ് റിലിജിയസ് ട്രാക്ട് സൊസൈററിയും 1854—ൽ സൗത്ത് ഇൻഡ്യൻ ക്രിസ്ത്യൻ സ്കൂൾബുക്ക് സൊസൈററിയും സ്ഥാപിതമായി. എന്നാൽ അവ രണ്ടും കൂടെ 1915-ൽ യോജിച്ചു ഒരു പുതിയ പ്രസിദ്ധീകരണശാല രൂപം എടുത്തു. അങ്ങനെ രൂപം പ്രാപിച്ച സി. എൽ. എസ്. എസ്. പി. സി. കെ: വകയായി നടത്തിവന്ന ഡയോസിസൻ പ്രസ്സ് 1930—ൽ ഏറെറടുക്കുകയും അങ്ങനെ സി. എൽ. എസ്. പ്രസിദ്ധീകരണശാലയുടെ പ്രവർത്തനസൗകര്യങ്ങൾ കുറെക്കൂടെ വിപുലവും കാര്യക്ഷമവും ആക്കിത്തീർക്കുക

Licence No. 498 **Dated 20-8-1946** **Reg. M. 5268**

THE CHURCH WEEKLY

യും ചെയ്തു. 1926 മുതൽ ഇന്നേയോളം ഈ പ്രസിദ്ധീകരണശാലയുടെ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചുവരുന്ന മിസ്റ്റർ ഡബ്ളിയു. എച്ച്. വാററ്ന്റെ കാലത്ത് ഈ സ്ഥാപനത്തിനുണ്ടായിട്ടുള്ള പുരോഗതിയും വളർച്ചയും നിസ്സീമമത്രെ. ഇൻഡ്യയിൽ റജിസ്റ്റർ ചെയ്ത ഒരു കമ്പനി എന്ന നിലയിൽ സി. എൽ. എസ്. പ്രവർത്തനമാരംഭിക്കുന്നതിനു മുമ്പ് ലണ്ടനിൽ സ്ഥാപിതമായ യൂണൈററഡ് സൊസൈററി ഫോർ ക്രിസ്ത്യൻ ലിറററച്ചർ എന്ന പ്രസിദ്ധീകരണശാലയുടെ ഒരു ശാഖ എന്ന നിലയിൽ മാത്രമാണ് അതു് ഇവിടെ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നിട്ടുള്ളത്. ഈ പ്രസിദ്ധീകരണശാലയുടെ അംഗത്വം ഇൻഡ്യയിൽ നിലവിലുള്ള വ്യക്തികളിൽ നിക്ഷിപ്തമായിരിക്കുന്നു എന്നുള്ളതും സ്മരണീയമാണ്. സ്വയമായി ഒരു പ്രസിദ്ധീകരണശാല സാമാന്യം വിപുലമായ തോതിൽ നടത്തുന്നതു് പല കാരണങ്ങളാൽ വ്യയഹേതുകവും ദുഷ്കരവുമാകയാൽ സഭകൾ തമ്മിലുള്ള സഹകരണസാദ്ധ്യതയെപ്പററി കൂടുതലായി ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തുവരുന്ന ഈ നവയുഗത്തിൽ നമ്മുടെ സഭയ്ക്കു ഈ പ്രസിദ്ധീകരണശാലയുമായി സഹകരിച്ചു പ്രവർത്തിക്കുവാനുള്ള സാധ്യതയുണ്ടോ എന്നു നാം ആരായേണ്ടതാണ്. നമ്മുടെ കാര്യമായ പ്രേരണ ഒന്നുംകൂടാതെ അവർ ഇപ്പോൾത്തന്നെ വി. കർബ്ബാനക്രമവും (വി. യാക്കോബിന്റെ തക്സാ) കർബ്ബാനക്രമത്തിന്റെ ഒരു വ്യാഖ്യാനവും ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കർബ്ബാനക്രമത്തിന്റെ വ്യാഖ്യാനം മല യാ ള ത്തി ലേ ക്കു പരിഭാഷപ്പെടുത്തി അടുത്തുതന്നെ അവർ പ്രസിദ്ധീകരിക്കുവാൻ സാദ്ധ്യതയുള്ളതായുമറിയുന്നു.

ക്രൈസ്തവ ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുകയും പ്രചരിപ്പിക്കുകയുമാണ് ഈ ശാലയുടെ സർവ്വപ്രധാനമായ ലക്ഷ്യമെന്നു മേൽ പ്രസ്താവിച്ചിട്ടുണ്ട്. അതു തന്നെ ഒരു മിഷ്യനറി പ്രവൃത്തനമാണെന്നുള്ളതിനു സംശയമില്ല. അങ്ങനെ ഇപ്പോൾ പ്രചാരത്തിലും വില്പനയിലുമിരിക്കുന്ന 330 ഗ്രന്ഥങ്ങൾ ഇംഗ്ലീഷിലും 220 ഗ്രന്ഥങ്ങൾ തമിഴിലും 240 ഗ്രന്ഥങ്ങൾ തെലുങ്കുഭാഷയിലും അവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ ഇനത്തിൽ അൻപതിനായിരത്തിൽ പരം രൂപാ കഴിഞ്ഞ ഒരു വർഷത്തിൽ ഈടായിട്ടുമുണ്ട്. അതിനു പുറമേ വൈദേശിക ക്രൈസ്തവപ്രസിദ്ധീകരണശാലകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങളുടെ വില ഇനത്തിൽ മദ്രാസിൽത്തന്നെ കഴിഞ്ഞ വർഷം ഏകദേശം ഒരു ലക്ഷം രൂപായോളം ഈടായിട്ടുണ്ടെന്നാണ് പ്രസിദ്ധീകൃതമായ കണക്കുകൾ കൊണ്ടു അറിയുന്നതു്. ഈ പ്രസിദ്ധീകരണ ശാലയിൽ നിന്നു് ഇൻഡ്യയ്ക്കു വെളിയിൽ പാക്കിസ്ഥാൻ, സിലോൺ, ബർമ്മാ, മലയാ, ഫിജി, ഹോങ്കോംഗ്, സയാം, ആഫ്രിക്കാ, വെസ്റ്റ് ഇൻഡീസ്, യൂറോപ്പ്, ഇംഗ്ലണ്ട്, ആസ്ത്രേലിയാ, ന്യൂസീലണ്ട്, അമേരിക്കാ എന്നീ വിദേശരാജ്യങ്ങളിലേക്കും അവർ പുസ്തകങ്ങൾ അയച്ചുകൊടുത്തു കൊണ്ടാണിരിക്കുന്നതു്. ഈ വസ്തുത ഈ സ്ഥാപനത്തിന്റെ സേവനപരിധി എത്ര വിപുലമാണെന്നു വെളിവാക്കുന്നുണ്ടല്ലോ.

ദേശീയ ഭാഷകളിലുള്ള ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം വർദ്ധിപ്പിക്കണമെന്നുള്ളതു് ഈ സ്ഥാപനം ഒരു പ്രത്യേകലക്ഷ്യമായി എടുത്തിട്ടുണ്ട്. അതുകൊണ്ടു് അതതു് ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ പരിശോധിച്ചു് അംഗീകരിക്കുന്നതിനും മററുമായി പ്രത്യേകം പ്രത്യേകം കമ്മിററികളും നിയമിതമായിട്ടുണ്ട്. ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ചുമതല ഏതെങ്കിലും പ്രത്യേക സംഘടനയുടെ ആവശ്യപ്രകാരം മാത്രമേ നിർവ്വഹിക്കാറുള്ളൂ. നൂതനങ്ങളായ നല്ല ക്രൈസ്തവ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരണാർത്ഥം ധാരാളമായി ലഭിക്കുന്നില്ലെന്നുള്ളതു് ഒരു കാര്യമായ പ്രശ്നമാണെങ്കിൽ ഗ്രന്ഥകർത്താക്കന്മാർക്കുവേണ്ട പ്രോത്സാഹനം നൽകി പുതിയ പുതിയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിലുള്ള മൂലധനഭാരം മറെറാരു കാര്യമായ പ്രശ്നമായിട്ടാണ് ഈ സ്ഥാപനം ഇപ്പോൾ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നതു്.

ഈ പ്രസിദ്ധീകരണ ശാലയിൽനിന്നു പ്രസിദ്ധീകൃതമാകുന്ന ഇംഗ്ലീഷ് ഗ്രന്ഥങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന അഖിലലോകപ്രചാരവും ഈസ്ഥാപനത്തിനു ലഭിച്ചിട്ടുള്ള അഖിലലോകസമ്പർക്കവും പ്രശസ്തിയും ഈ സ്ഥാപനത്തിന്റെ പ്രത്യേക നേട്ടങ്ങളായി കരുതാവുന്നതാണ്. ആ നിലയിൽ ഈ സ്ഥാപനവുമായി കാര്യമായ ബന്ധം പുലർത്തുന്നതിനും ആ ബന്ധം പരസ്പരം പ്രയോജനപ്പെടുത്തുന്നതിനും സാധ്യതയുണ്ടോ എന്ന് നാം ആരായേണ്ടതാണെന്നു് തോന്നുന്നു.

India's Largest Composite Insurance Company

Chairman: A. D. SHROFF, Esq.

Vice-Chairman: J. R. D. Tata, Esq.,

★

New India Assurance Co. Ltd,.

H. O. BOMBAY.

West Coast Branch: Ernakulam.

Sub Offices: Trivandrum, Alleppey, Calicut, Mangalore, Coimbatore & Madura.

Bonus on with Profits Policies (last declared) for the period ending 31-12-53.

Whole-Life: Rs. 16 per thousand per annum
Endowment: Rs. 14 per thousand per annum

Printed and Published by N. M. Abraham B. A. at the Malayala Manorama Press, Kottayam